ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചു.

(3) 1986—ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 1986—ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: 1986—ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ സാമൂഹ്യസേവനം സംബന്ധിച്ച 6—ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇത് വളരെ ചെറിയ ഒരു ബില്ലാണ്. ഇതിനെപ്പറ്റി അധികമൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ഭരണം ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിനായി ചെയ്യേണ്ടിവന്ന ഒരു നടപടിയെ തുടർന്ന്, ആവശ്യമായിവന്ന ഒരു ഭേദഗതിയാണ് ഇത്. 1114—ൽ ട്രാവൻകൂർ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘമാണ് കേരള ഗ്രന്ഥശാലാ സംഘം. അതിന്റെ ശരിയായ ഭരണം ചില കാരണങ്ങളാൽ താറുമാറാകുകയും.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ ഈ ബിൽ കൺസിഡറേഷന് എടുത്തുകൂടാ എന്നാണ് എന്റെ അഭിപ്രായം. അതിന്റെ ഒബ്ജക്ഷനാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: ഏത് ചട്ടപ്രകാരം ആണെന്ന് പറയൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഐ ഓപ്പോസ് ദി ബിൽ.

മി. സ്പീക്കർ: അത് ഭേദഗതി അവതരിപ്പിക്കുമ്പോഴാം പറയാം ഇപ്പോഴാം അങ്ങനെ വിളിച്ചിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: 1975—76—ലെ തെരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ ചില സംഭവവികാസങ്ങളാം ഈ ഗ്രന്ഥശാലാ സംഘത്തിന്റെ ഭരണം നടത്തിക്കൊണ്ടുപോകുന്നതിന് സാധിക്കാത്ത സാഹചര്യം ഉളവാക്കുകയുണ്ടായി.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: What is the point of order? ഏത് ചട്ടപ്രകാരമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: റൂം 79 പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: റൂൾ 79 പ്രകാരമില്ല. Rule 79: "(1) After the presentation of the final report of Select Committee on a Bill or a Subject Committee, as the case may be, the member -in-charge may move—". So absolutely there is no point of order.

ശ്രീ. വർക്കല രാധാകൃഷ്ണൻ: റൂൾ 79—ൽ ഇത് പറയുന്നുണ്ട് അത് എല്ലാ ബില്ലിനും ആപ്ലിക്കബിളാണ്. At any stage it need not be on the basis of a report എന്നു പറയുന്നത് ശരിയല്ല. At any stage we can object.

മി. സ്പീക്കർ: റൂൾ 79 പ്രകാരമാണ് അങ്ങ് പറഞ്ഞതെന്നാണ് പറഞ്ഞത്. 79 പ്രകാരമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: റൂൾ 59—ൽ ആദ്യം തന്നെ പറയുന്നുണ്ട്, ഏതു ബില്ലും ഒബ്ജക്ട് ചെയ്യാൻ ഒരു മെമ്പർക്ക് അവകാശമുണ്ട് എന്ന്.

മി. സ്പീക്കർ: അങ്ങ് നേരത്തേ പറഞ്ഞു റൂൾ 79 പ്രകാരമാണെന്ന് ഇപ്പോൾ ഏതാണ് പറയുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: Rule 79 is equally applicable at any stage of the introduction of the Bill.

മി. സ്പീക്കർ: അങ്ങ് ഇപ്പോൾ പറയുന്നത് 79 ആണോ 69 ആണോ?

Shri. Varkala Radhakrishnan: It is the right of a member to object the consideration of any Bill.

മി. സ്പീക്കർ: അങ്ങ് പറയുന്നത് 69—നെക്കുറിച്ചാണോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ബില്ലിനെക്കുറിച്ചുള്ളത് ആണ്. 69—നെക്കുറിച്ച് മാത്രമല്ല.

മി. സ്പീക്കർ: അങ്ങ് നേരത്തേ പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്തത് 79 പ്രകാരമാണ്. എന്നാൽ 79 പ്രകാരം ഇല്ല. ഇപ്പോൾ റൂൾ 69 പ്രകാരമാണോ പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്യുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: 69 ആണ് ഒരു ബിൽ മൂവ് ചെയ്യുന്നതിനുള്ള ആദ്യത്തെ വകുപ്പ്. അത് സബ്ജക്ട് കമ്മിറ്റി യൊന്നുമല്ല. വായിച്ച് നോക്കണം. We can object the introduction of any bill at any stage.

മി. സ്പീക്കർ: അങ്ങ് പറയുന്നത് റൂൾ 69 ആണെങ്കിൽ The Speaker may order the publication.....സമയം കളയാൻ പറ്റുകയില്ല. അങ്ങ് പറയുന്നത് ശരിയല്ല. റൂൾ 69—ൽ പറയുന്നത് "The Speaker may order the publication in the Gazette of any Bill (together with the Statement of objects and Reasons, the

LIBRARY ARCHIVES Kerala Legislative Assembly

Memorandum regarding Delegation of Legislative Power....."
അങ്ങ് പോയിൻറ് ഓഫ് കഴിഞ്ഞ ഓർഡർ റെയ്സ് ചെയ്യാനുള്ള അവകാശം ദുരുപയോഗപ്പെടുത്തരുത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകാൻ പറ്റാത്ത ഒരു സാഹചര്യമുണ്ടായപ്പോൾ ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനം ഏറ്റെടുത്തുകൊണ്ട്, 1977-ൽ അന്നത്തെ ഗവൺമെൻറ് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ആ ഓർഡിനൻസ് 5 വർഷക്കാലത്തേക്ക് ആയിരുന്നു. അതുപ്രകാരം ഒരു കൺട്രോൾ ബോർഡിനെ നിയമിക്കുകയും ആ കൺട്രോൾ ബോർഡ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുവരികയും ചെയ്യുകയായിരുന്നു. അങ്ങനെ അന്ന് ഏറ്റെടുത്തതനുസരിച്ച് 1982-ൽ ഏപ്രിലിൽ ഇതിന്റെ കാലാവധി അവസാനിച്ചു. അതിനുശേഷം ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഔചിത്യം ഉണ്ടായിരുന്ന സാഹചര്യത്തിൽ 5 വർഷം എന്നുള്ളത് 10 വർഷമാക്കി മാറ്റിക്കൊണ്ട് ഗവൺമെൻറ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ആ ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഇത്., ഇത് നമ്മുടെ ഗ്രന്ഥശാലകളുടെ പ്രവർത്തനം ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ടിയുള്ളതാണ്. നമ്മുടെ നിയമസഭയിൽ തന്നെ 1985-ൽ ഒരു ബില്ല് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതു പ്രാബല്യത്തിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ഗ്രന്ഥശാലകളുടെ പൊതുവായ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കത്തക്ക വ്യവസ്ഥകൾ അതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ ബിൽ നിയമസഭയിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അതിനകത്തുചില ഭേദഗതികളെ സംബന്ധിച്ച് പറയുന്നുണ്ട്. അത്, ജനകീയ സ്വഭാവം നിലനിറുത്തണമെന്നുള്ളതാണ്. ജനകീയ സ്വഭാവം നിലനിറുത്തണമെന്നുള്ള കാര്യത്തിൽ ഗവൺമെൻറിന് പൂർണ്ണമായ യോജിപ്പുണ്ട്. താലൂക്കു തലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്ന അതിന്റെ സമിതികളെ സംബന്ധിച്ചിടത്തോളം താലൂക്ക് തലത്തിൽ തഹസീൽദാർമാരും ജില്ലാതലത്തിൽ കളക്ടർമാരുമാണ് ഇതിന്റെ ചെയർമാൻമാരായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ആ കാര്യത്തിൽ മാത്രമാണ് ആളുകൾ വിയോജിപ്പ് പറഞ്ഞിരിക്കുന്നത്. ബിൽ പരിഗണനയ്ക്ക് വരുന്ന സന്ദർഭത്തിൽ അത് മാറ്റുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അങ്ങനെ സമഗ്രമായ ഒരു നിയമം നമ്മൾ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനായി കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ ബിൽ എത്രയും വേഗം കൊണ്ടുവന്ന് പാസ്സാക്കാൻ കഴിഞ്ഞാൽ സ്വാഭാവികമായും നമ്മുടെ ഗ്രന്ഥശാലകളുടെ പ്രവർത്തനം.....

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അതിനുള്ള നടപടികൾ എടുക്കുന്നുണ്ട് എന്ന്. ആ ഓർഡിനൻസ് ആദ്യമായിട്ട് പുറപ്പെടുവിച്ചത് 1984-ലാണ്. അതിൽ പറഞ്ഞിട്ടുണ്ട് സത്വരമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണെന്ന്. ആ നടപടികൾ എവിടംവരെ എത്തി?

ശ്രീ. ടി. എം. ജേക്കബ്: നടപടികൾ സ്വീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് 1985-ൽ പബ്ലിക് ലൈബ്രറി ബിൽ പബ്ലിഷ് ചെയ്തത്. ആ ബിൽ ഈ നിയമസഭയിൽതന്നെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ ആ ബിൽ പാസ്സാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിരുന്നുവെങ്കിൽ ഇപ്പോൾ ഇതിന്റെ ആവശ്യമില്ലായിരുന്നു. കാരണം കേരളം ഒട്ടാകെയുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ഉദ്ദേശിച്ചുകൊണ്ട് കൊണ്ടുവന്നിരുന്ന ഒരു സമഗ്രമായ ബില്ലാണ്. അതുപോലെതന്നെ മലബാർ പ്രദേശത്ത് പ്രവർത്തിക്കുന്ന ചില ലൈബ്രറികളും ഉണ്ട്. അതിന്റെ പ്രവർത്തനങ്ങളും തന്നെ വളരെ ബുദ്ധിമുട്ടിയാണ് നടന്നുപോയിക്കൊണ്ടിരിക്കുന്നത്. സ്വാഭാവികമായും അവർക്ക് അനുഭവപ്പെടുന്ന വൈഷമ്യങ്ങളും ഇപ്പോൾ നമ്മുടെ ഗ്രന്ഥശാലകൾക്കും അനുഭവപ്പെടുന്നു, ഈ വൈഷമ്യങ്ങളെല്ലാം ദൂരീകരിക്കണമെങ്കിൽ സമഗ്രമായി ആ നിയമം പാസ്സാക്കിയെങ്കിലേ സാദ്ധ്യമാകൂ. ഗവൺമെന്റ് നടപടികളും സ്വീകരിച്ചു. ഇവിടെ അറിയാവുന്നതുപോലെ സാങ്കേതികമായ പല ബുദ്ധിമുട്ടുകളും വന്നിരിക്കുന്നതുകൊണ്ടാണ് അതിന് പ്രയാസമുള്ളത്. അതിനകത്ത് ഏതു നിലയിലുള്ള ഭേദഗതികളും കൊണ്ടുവന്നും നമ്മുടെ ഗ്രന്ഥശാലകളുടെ ജനകീയ സ്വഭാവം നിലനിറുത്തിക്കൊണ്ട് ആ ബിൽ പാസ്സാക്കി എടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് പൂർണ്ണമായ താൽപ്പര്യമാണുള്ളത്. അതിന് നമുക്ക് സമീപഭാവിയിൽ കഴിയട്ടെ എന്ന് ആശിക്കുകയാണ്. ഇത് താൽക്കാലികമായി ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകാൻവേണ്ടി കൺട്രോൾ ബോർഡിന്റെ കാലാവധി 5 വർഷക്കാലം കൂടി നീട്ടിക്കൊടുത്തുകൊണ്ടുള്ളതാണ്. ഇത് ഭരണപരമായ ആവശ്യമായി വന്ന ഒരു ഭേദഗതിയായതുകൊണ്ട് കഴിയുന്നതും വേഗത്തിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

Shri. V. J. Thankappan: Sir, I move that the Kerala Grandhasala Sangham (Taking over of Management) Amendment Bill, 1986 be circulated for eliciting public opinion till October 31, 1986.

ഗ്രന്ഥശാല സംഘത്തിന്റെ മാനേജുമെന്റ് ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടുള്ള 1977-ലെ നിയമത്തിൽ കൺട്രോൾ ബോർഡിന്റെ കാലാവധി 10 വർഷമാക്കി നീട്ടിക്കൊണ്ടുള്ള ഈ ഭേദഗതിബില്ലിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 4,000-ത്തോളം ഗ്രന്ഥശാലയും അതുപോലെതന്നെ താലൂക്ക് കേന്ദ്രീകരിച്ച് ഗ്രന്ഥശാലകളും ഉണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തെ വലിയ ജനകീയ പ്രസ്ഥാനമായിരുന്നു. ഗവൺമെന്റിന്റെ പ്രത്യേകിച്ചുള്ള പരിഗണനയോ സഹായമോ ഇല്ലാതെ തന്നെ നഗരങ്ങളിലേയും നാട്ടിൻപുറങ്ങളിലേയും ചെറുപ്പക്കാരും വിദ്യാഭ്യാസമുള്ള സാംസ്കാരിക പ്രവർത്തകരും സംഘടിച്ച് എടുത്തതാണ് നമ്മുടെ സംസ്ഥാനത്തെ മിക്കവാറും എല്ലാ ഗ്രന്ഥശാലകളും. ഇവിടെ ഒരു കൺട്രോൾ ബോർഡുണ്ട്. ആ കൺട്രോൾ ബോർഡ് കേരള കോൺഗ്രസ്സിന്റെ കൈവപ്പശുവായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഹൗസിംഗ് ബോർഡിന്റെ ഒരു നേതാവിനെ ഇപ്പോൾ അഴിമതിക്കാരനാണെന്ന് കണ്ടുപിടിച്ചതുപോലെ ഒരു എൻക്വയറി നടത്തിയാൽ ഇതിന്റെ കൺട്രോൾ ബോർഡിനെയും അഴിമതിക്കാരായി പ്രഖ്യാപിച്ചേക്കും.

ശ്രീ. ടി. എസ്. ജോൺ: കോടതിയിലേ വന്നിട്ടുള്ളൂ. ജയിലിൽ പോയിട്ടില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: ജയിലിൽ അയച്ചിട്ടില്ല. അഴിമതിക്കാരനാണെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ജയിലിൽ അയയ്ക്കുന്ന വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുന്നു. മിക്കവാറും 6 മാസത്തിനകം ജയിലിൽ

LIBRARY ARCHIVES Kerala Legislative Assembly

പോകും. അഴിമതിക്കാരനാണെന്നു കോടതി പറഞ്ഞാലും അംഗീകരിക്കുകയില്ലെന്ന് പറഞ്ഞാൽ പിന്നെ ആര് പറയണമെന്നാണ്? അത് ക്രെഡിറ്റാണെങ്കിൽ അംഗീകരിച്ചു. മറ്റൊരു അഴിമതിക്കാരൻ രാജിവച്ചുപോയി. ഞങ്ങൾക്ക് അറിയാം. ആ കൂട്ടത്തിലാണ് ഉമ്മൻ മാത്യുവിനെ കോടതി അഴിമതിക്കാരനെന്ന് കണ്ടുപിടിച്ചത്. ഒരു പാർട്ടിയുടെ, പ്രത്യേകിച്ച് വർഗ്ഗീയതക്ക് പ്രാമുഖ്യമുള്ള ഒരു പാർട്ടിയുടെ, ഒരു പ്രത്യേക സ്ഥലത്തുമാത്രം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഒരു വർഗ്ഗീയ പ്രസ്ഥാനത്തിന്റെ പിടിയിൽ സ്വസ്ഥാനത്തിന്റെ ഭരണം പോയി അകപ്പെട്ടാൽ എങ്ങനെയാകും? അതാണ് ഹൗസിംഗ് ബോർഡും ഗ്രന്ഥശാലാസംഘവും കൺട്രോൾ ബോർഡും തെളിയിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു: ജനകീയ സ്വഭാവം നിലനിറുത്തുന്നതിന് ഞങ്ങൾക്ക് അതിയായ താൽപ്പര്യമുണ്ട് എന്ന്. അതുകൊണ്ട് കൺട്രോൾ ബോർഡ്, ആജീവനാന്തം തുടരണമെന്ന് ആഗ്രഹിക്കുന്നു. എങ്ങനെയുണ്ട്? ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്നുണ്ട്; പക്ഷേ കഴിഞ്ഞ 4 വർഷമായി കഴിയുന്നില്ല. കാരണം കൺട്രോൾ ബോർഡും അതിന്റെ മുഴുവൻ ഭരണ സംവിധാനവും അതിന്റെ മുഴുവൻ സാമ്പത്തിക കൈകാര്യങ്ങളും ഒരു പ്രത്യേക പാർട്ടിയുടെ ഒരു നേതാവ് നടത്തിക്കൊണ്ടിരിക്കുന്നു. പ്രതിപക്ഷത്തിനോ മറ്റു പൊളിറ്റിക്കൽ പാർട്ടികളുടെ നേതാക്കൻമാർക്കോ പ്രവർത്തകൻമാർക്കോ ആ കൺട്രോൾ ബോർഡിൽ എന്തെങ്കിലും പ്രാതിനിധ്യമുണ്ടോ? ഇതാണോ ജനകീയ സ്വഭാവം. പ്രതിപക്ഷത്തെ അംഗീകരിക്കാത്ത, ഭരണകക്ഷിയിലെ ചില ആളുകൾ മാത്രം നേതൃത്വം കൊടുക്കുന്ന ഒരു ബോർഡ്, കഴിഞ്ഞ 5 വർഷം.....

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: ഈ ജില്ലാ ഉപദേശക സമിതി പോലുള്ള സ്ഥാപനങ്ങളിലെ ഭാരവാഹികളും വായനശാലകളിലും പോയി ഒരൊറ്റ പുസ്തകംപോലും എടുത്തു വായിച്ചിട്ടില്ല എന്ന കാര്യവും ഇതിൽ പ്രതിപക്ഷവും കേരള കോൺഗ്രസ്സിന്റെ പ്രവർത്തകരാണെന്ന കാര്യവും ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അതാണല്ലോ ഞാൻ പറഞ്ഞുവരുന്നത്. കേരളാ കോൺഗ്രസ്സിന്റെ പ്രവർത്തകൻമാർക്കും അതിൽ തെരഞ്ഞെടുപ്പിൽനിന്ന് ജയിക്കാത്ത നേതാക്കൻമാർക്കുമെല്ലാം അടിഞ്ഞുകൂടാനുള്ള ഒരു സ്ഥാനമാണല്ലോ ഈ കൺട്രോൾ ബോർഡ്. അതാണ് ഇങ്ങനെ നീട്ടിക്കൊണ്ടു പോകുന്നത്. ജനകീയ സ്വഭാവത്തിൽ താൽപ്പര്യമുള്ള ഒരു മന്ത്രി!.....

ശ്രീ. ടി. എം. ജേക്കബ്: ഇവിടെ തെറ്റിദ്ധാരണയുടെ ആവശ്യമൊന്നുമില്ല. ഈ കൺട്രോൾ ബോർഡിൽ കേരള കോൺഗ്രസ്സിന്റെ ഒരു മെമ്പർ മാത്രമേയുള്ളൂ.

ശ്രീ. വി. ജെ. തങ്കപ്പൻ: കൺട്രോൾ ബോർഡിന്റെ ചെയർമാനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. വിറകുവെട്ടാനും വെള്ളം കോരാനും പലരെയും കയറ്റിയിരുത്തിയേക്കും. അതിൽ ദോഷമില്ല. ഉമ്മൻ മാത്യുവിനെപ്പോലെയായാൽ പോകേണ്ടിടത്ത് പോകേണ്ടിവരും. അത്രയുള്ളൂ. ജനകീയ സ്വഭാവം നിലനിറുത്താൻ സമഗ്രമായ ഒരു ബിൽ കൊണ്ടുവരുന്നു എന്നാണ് മന്ത്രി പറഞ്ഞത്. ജനകീയ സ്വഭാവത്തിൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടു യൂണിവേഴ്സിറ്റി സെനറ്റിനേയും സിൻഡിക്കേറ്റിനേയും

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻറു ചെയ്ത മന്ത്രിയാണ് ജനകീയ സ്വഭാവത്തെക്കുറിച്ച് പറയുന്നത്. ഏതായാലും ഈ ഗവൺമെൻറ് വന്നതിനുശേഷം ഏതെങ്കിലും ഒരു പ്രസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ടോ? ഇവിടെ മത്സ്യബന്ധന നിയന്ത്രണ ഭേദഗതി ബില്ലിനെക്കുറിച്ചു സംസാരിച്ചപ്പോഴും പറഞ്ഞു അവിടെ തെരഞ്ഞെടുപ്പ് ഇല്ലാ എന്ന്. കഴിഞ്ഞ ഒന്നേമുക്കാൽ വർഷങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ കൗൺസിലുകളെയും കമ്മിറ്റികളെയും പിരിച്ചുവിട്ടിരിക്കുന്നു. ഒന്നേമുക്കാൽ വർഷമായി അവിടെ തെരഞ്ഞെടുപ്പില്ല. തെരഞ്ഞെടുപ്പില്ലാതെ തന്നെ ഗവൺമെൻറ് നേരിട്ട് ഭരിക്കുന്നു. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട സമിതികളും തെരഞ്ഞെടുപ്പ് സംവിധാനങ്ങളും ഇഷ്ടപ്പെടാത്ത ഒരു ഗവൺമെൻറാണ് ഇത്. ഈ മന്ത്രിയുടേതല്ല, ഗവൺമെൻറിൻറെ സ്വഭാവമാണിത്. യാതൊരു സ്ഥലത്തും തെരഞ്ഞെടുപ്പ് ഇഷ്ടപ്പെടുന്നവരല്ല. ഈ കോൺഗ്രസ്സ് പാർട്ടിയെ സംബന്ധിച്ച് വേണമെങ്കിൽ കേന്ദ്ര പാർലമെൻറിൽ നിന്നും ഒരു നിയമം കൊണ്ടുവന്നേക്കും. "നിയമസഭ പിരിച്ചുവിട്ട് ഏതെങ്കിലും ഗവർണ്ണർ ഭരിച്ചോട്ടേ എന്ന്." അങ്ങനെയുള്ള ഒരു പാർട്ടിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ കേരള കോൺഗ്രസ്സിന് എങ്ങനെ ജനകീയ സ്വഭാവം ഉണ്ടാകും? മലബാർ പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ലോക്കൽ ലൈബ്രറി അതോറിറ്റി പിരിച്ചുവിട്ടിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

സർ, പഞ്ചായത്തുകളും മുനിസിപ്പൽ കൗൺസിലുകളുമെല്ലാം പിരിച്ചുവിട്ടിരിക്കുന്നു. അവിടത്തെ മെമ്പർമാരെയെല്ലാം തെരഞ്ഞെടുത്തതാണ്. ലോക്കൽ ലൈബ്രറി അതോറിറ്റി പിരിച്ചുവിട്ടതിനെതിരായി അതിൻറെ പ്രവർത്തകൻമാർ ഹൈക്കോടതിയിൽ പോയി. ആ ഒരൊറ്റക്കാരണംകൊണ്ട് അവിടെയുള്ള ഒറ്റ ഗ്രന്ഥശാലക്കും ഗ്രാൻറ് കൊടുത്തിട്ടില്ല. വൈരനിര്യാതനബുദ്ധിയോടുകൂടി ഗവൺമെൻറിൻറെ കൺട്രോൾ ബോർഡ് അവിടത്തെ ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് കൊടുക്കുന്നില്ല. ഗ്രാൻറ് കൊടുക്കുന്നതിനുള്ള അപേക്ഷകളുമായി വരുമ്പോൾ അതു പരിഗണിയ്ക്കുന്നില്ല. എത്ര ലക്ഷം രൂപയാണ് ഈ കൺട്രോൾ ബോർഡ് ചെലവഴിച്ചിട്ടുള്ളതെന്നു ഈ ഗവൺമെൻറിന് പറയാൻ കഴിയുമോ? ഈ കൺട്രോൾ ബോർഡ് ഗ്രന്ഥശാലകളെ പരിശോധിക്കുകയും ഗ്രേഡ് ചെയ്യുകയും ഗ്രാൻറ് കൊടുക്കുകയും ചെയ്യുന്നുവെന്നാണ് പറയുന്നത്. ഒറ്റ സ്ഥലത്തും സമയത്തിന് ഗ്രാൻറ് കൊടുക്കുന്നില്ല. ഗ്രന്ഥശാലാപ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുള്ള മുഴുവനാളുകൾക്കുമറിയാം ഒറ്റ സ്ഥലത്തും അതു കിട്ടുന്നില്ലെന്ന്. 8-ാം തവണയാണെന്നു തോന്നുന്നു വീണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഞാൻ മന്ത്രിയോടൊന്നു ചോദിക്കട്ടെ, ഒരു ഗ്രന്ഥശാലാബില്ലിൽ അദ്ദേഹത്തിൻറെ മുശയിലുണ്ട്. അതു സർക്കുലേറ്റ് ചെയ്തിരിക്കുന്നു. പത്തുമുപ്പത്തിരണ്ടോളം ഓർഡിനൻസുകൾ കൊണ്ടുവന്നിട്ടുണ്ട്. ഓർഡിനൻസ് കൊണ്ടുവന്നു. യൂണിവേഴ്സിറ്റി ഉണ്ടാക്കിയ, ഓർഡിനൻസു കൊണ്ടുവന്നു ജല—മലിനജല അതോറിറ്റി ഉണ്ടാക്കിയ ഈ ഗവൺമെൻറിന് എന്തുകൊണ്ട് ജനാധിപത്യസ്വഭാവമുള്ള ഈ ഗ്രന്ഥശാലാബിൽ ഒരു ഓർഡിനൻസായി കൊണ്ടുവന്നു നടപ്പിലാക്കിക്കൂടായിരുന്നു? അതു പറയുമ്പോൾ ഓർഡിനൻസിനുവേണ്ടി വാദിക്കുകയാണെന്നു പറയും. ജനാധിപത്യസ്വഭാവത്തിൽ വിശ്വാസം ഉണ്ടായിരുന്നെങ്കിൽ, കൺട്രോൾ ബോർഡ് നേതാക്കൻമാർക്ക് ഇന്ന് ഇതു കറവപ്പശുവല്ലായിരുന്നെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ ആൻഡ് വെയ്സ്റ്റ് വാട്ടർ അതോറിറ്റിയും മേജർ യൂണിവേഴ്സിറ്റിയും ഓർഡിനൻസ് വഴി ഉണ്ടാക്കിയ ഈ ഗവൺമെൻറിനും മന്ത്രിക്കും എന്തുകൊണ്ട് ഒരു ഓർഡിനൻസ് വഴി ഇതു കൊണ്ടുവുന്നുകൂടാ? അപ്പോഴേ മനസ്സിലിരിപ്പ് ഭരണാധികാരം, അതിന്റെ കൺട്രോൾ നമ്മുടെ കയ്യിൽ 'ആചന്ദ്രതാരം സന്തതിപ്രവേശം' ആയിക്കോട്ടെയെന്നാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇപ്പോൾ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ബില്ലിലെ വ്യവസ്ഥകൾ കൺട്രോൾ ബോർഡ് ഭരണത്തെക്കാൾ കൂടുതൽ അപകടകരമായ ഒരു ഭരണത്തിന് വ്യവസ്ഥ ചെയ്യുന്ന രീതിയിലുള്ളതാണെന്നു മെമ്പർക്ക് അറിയാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അദ്ദേഹം ജനാധിപത്യസ്വഭാവത്തോടുകൂടിയ ഒരു ബിൽ കൊണ്ടുവന്നെന്നും അതു സർക്കുലേറ്റ് ചെയ്തു കഴിഞ്ഞെന്നും അനതിവിദൂരമായ ഭാവിയിൽ പാസ്സാക്കാൻ ഉദ്ദേശിക്കുന്നെന്നും പറഞ്ഞതുകൊണ്ടാണ് അങ്ങനെയൊരു ബിൽ കൊണ്ടുവന്നാൽ.... .....(ബഹളം).....ശ്രീമാൻ ടി. എസ്. ജോൺ ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ഇവിടെ ചർച്ച ചെയ്യുന്നത് 1977-ലെ ബില്ലിന്റെ അമൻറുമെൻറാണ്. പറഞ്ഞത് മനസ്സിലായില്ല? 1977-ലെ ബില്ലിന്റെ അമൻറുമെൻറ് ചർച്ചയ്ക്കുവേണ്ടി അവതരിപ്പിച്ചപ്പോൾ, ജനാധിപത്യസ്വഭാവം നിലനിർത്താൻ സമഗ്രമായ ഒരു ബില്ല് കൊണ്ടുവരുന്നു എന്നു മന്ത്രി പറഞ്ഞതുകൊണ്ടാണ് ഇതു പറയേണ്ടിവന്നത്. ഇപ്പോൾ മനസ്സിലായെന്നു തോന്നുന്നു. സർ, ഇതിൽ പറഞ്ഞിരിക്കുന്നത് മുഴുവൻ ലൈബ്രറി പ്രസ്ഥാനങ്ങളേയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടെന്നാണ്. ഇതിൽ ബിൽ സർക്കുലേറ്റ് ചെയ്തതായി പറഞ്ഞിട്ടില്ല. അദ്ദേഹം ഇവിടെ പറഞ്ഞതാണ് സർക്കുലേറ്റ് ചെയ്തെന്ന്. അങ്ങനെ പരിഗണനയിലാണെങ്കിൽ എന്തുകൊണ്ട് അതൊന്ന് ഇൻട്രോഡ്യൂസ് ചെയ്തു പാസ്സാക്കി നടപ്പിലാക്കിക്കൂടാ? 5 വർഷം കൺട്രോൾ ബോർഡ് ചെയർമാന് സുഖമായിരിക്കാൻ അവസരമുണ്ടാക്കുകയും, വീണ്ടും 5 വർഷംകൂടി അയാൾക്ക് അവിടെയിരുന്നു ഭരിക്കുന്നതിന് അവസരമുണ്ടാക്കുകയും ചെയ്യുന്നതിനാണ് ഈ ഭേദഗതി ബിൽ ഓർഡിനൻസായി കൊണ്ടുവന്നത്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ ഒരു സാംസ്കാരിക പ്രസ്ഥാനമായ ഗ്രന്ഥശാലാപ്രസ്ഥാനം ജനകീയമായി കൊണ്ടുപോകുന്നതിന് ഒരു ഓർഡിനൻസ് കൊണ്ടുവന്നു നടപ്പിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. മലബാർ പ്രദേശത്തെ ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് സാമ്പത്തികമായി ചില സഹായങ്ങൾ ഉദാഹരണത്തിന് ലോക്കൽ ബോഡീസിൽ നിന്നും അതല്ലെങ്കിൽ മറ്റ് നികുതി പിരിക്കുന്നതിൽ നിന്നും ഒരു വിഹിതം കൊടുത്തിരുന്നു. അതു കൃത്യമായി ഗ്രന്ഥശാലകൾക്ക് കൊടുത്തിരുന്നു. ആ ഗ്രന്ഥശാലാപ്രസ്ഥാനം തകർത്തുകൊണ്ടാണ് അവിടത്തെ ലോക്കൽ ലൈബ്രറി അതോറിറ്റി പിരിച്ചുവിട്ടത്. ആ ലോക്കൽ ലൈബ്രറി അതോറിറ്റി എന്തിന് പിരിച്ചുവിട്ടു? ഈ മന്ത്രിയല്ലേ അതു ചെയ്തത്? ജനകീയപ്രസ്ഥാനത്തോട് വലിയ കുറ്റമുള്ള മന്ത്രിയാണിത്. ജനകീയ പ്രസ്ഥാനത്തോട് കുറ്റമുള്ളതുകൊണ്ട് തെരഞ്ഞെടുത്ത ലോക്കൽ ലൈബ്രറി അതോറിറ്റി പിരിച്ചുവിട്ടു. ജനാധിപത്യസ്വഭാവത്തോട് ആഴത്തിൽ കുറ്റമുള്ളതുകൊണ്ട് തെരഞ്ഞെടുത്ത സെനറ്റും സിൻഡിക്കേറ്റും പിരിച്ചുവിട്ടു; ഭരണാധികാരം മുഴുവനും സ്വന്തം കൈപ്പിടിയിൽ ഒതുക്കുകയെന്നുള്ളതാണ്. ഈ ഗവൺമെൻറിന്റെ ലക്ഷ്യം. കോർപ്പറേഷനും മുനിസി

LIBRARY ARCHIVES Kerala Legislative Assembly

പ്പാലിറ്റിയും പഞ്ചായത്തുകളും സഹകരണസംഘങ്ങളും മൽസ്യത്തൊഴിലാ ലാളി സഹകരണസംഘങ്ങളും, ഇങ്ങനെ ഏതു മേഖലയിലുള്ളതായാലും ഒരൊറ്റ ജനാധിപത്യ സംവിധാനത്തെയും നിലനിർത്താൻ അനുവദിക്കാത്ത ഒരു ഗവൺമെൻറാണിത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ജനാധിപത്യബോഡികളും പിരിച്ചുവിട്ടതല്ലാതെ പുതുതായി ഏതെങ്കിലും ജനാധിപത്യബോഡിയെ തെരഞ്ഞെടുത്തിട്ടുണ്ടോ? അങ്ങനെ തെരഞ്ഞെടുപ്പിൽ വിശ്വാസമില്ലാതെ, അധികാരങ്ങളും മുഴുവനും ഗ്രാമ സംഘങ്ങളായാലും സൊസൈറ്റികളായാലും കോപ്പറേറ്റീവ് ബാങ്കുകളായാലും മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളായാലും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റും സെനറ്റുമായാലും കൈപ്പിടിയിലൊതുക്കുക, അതിനുവേണ്ടി ജനാധിപത്യപ്രസ്ഥാനങ്ങളെ തകർക്കുക, തെരഞ്ഞെടുത്ത സ്ഥാപനങ്ങളെ തകർക്കുക, ഇതാണ് ഈ ഗവൺമെൻറിൻെറ നയം. അതു കൊണ്ട് കേരള കോൺഗ്രസ്സിൻെറ സ്വന്തക്കാരെ തീറ്റിപ്പോറ്റുന്നതിനു വേണ്ടി അതിൻെറ കൺട്രോൾ ബോർഡ് ചെയർമാൻ സുഖമായി ഭരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുപ്പുകളെല്ലാം മാറ്റിവച്ചു. വീണ്ടും ഒരു 5 കൊല്ലക്കാലംകൂടി നീട്ടിക്കൊടുക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിൻെറ ഈ ദേഗതി, ഈ ഗവൺമെൻറ് കഴിഞ്ഞ 4 വർഷങ്ങളായി തുടർന്നുവരുന്ന ജനാധിപത്യ പ്രസ്ഥാനങ്ങളെ നിഷേധിക്കുന്ന സമീപനവും ഏകാധിപത്യപ്രവണതയുമാണ്. എവിടെയാണ് സർ ഈ ഗവൺമെൻറ് ഏകാധിപത്യം കാണിക്കാത്തത്? പ്രതിപക്ഷം കൊണ്ടുവരുന്ന ഏതെങ്കിലും ദേഗതികളോ അഭിപ്രായങ്ങളോ കണക്കിലെടുക്കാറുണ്ടോ? ജനാധിപത്യസ്വഭാവത്തിൽ തെരഞ്ഞെടുത്ത ബ്ലോക്ക് ഡെവലപ്പ്മെൻറ് കമ്മിറ്റികളും പിരിച്ചുവിട്ടിട്ട് അതൊന്നു റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ കഴിഞ്ഞോ? അങ്ങനെ ഏതു മേഖലയിൽ നോക്കിയാലും ജനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ജനകീയമായ രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികളിലെല്ലാം ഏകാധിപത്യപരമായ രീതിയിൽ സ്വന്തം കൈപ്പിടിയിലൊതുക്കാൻ മന്ത്രി ശ്രമിക്കുന്നു. അതിൻെറ മകുടോദാഹരണമാണ് ഈ ഗ്രന്ഥശാലാ ബിൽ. അതുകൊണ്ടു മാത്രമാണ് ഞാൻ ഇതിനെ എതിർക്കുന്നത്.

Shri. V. K. Rajan: Sir, I move that the Kerala Grandhasala Sangham (Taking over of Management) Amendment Bill, 1986 be referred to a Select Committee.

ബഹുമാന്യനായ മന്ത്രി ഈ ബില്ല് ഇവിടെ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച അവസരത്തിൽ സമഗ്രമായ ഒരു നിയമനിർമ്മാണം അടുത്തു തന്നെ കൊണ്ടുവരുമെന്നു പ്രഖ്യാപിക്കുകയുണ്ടായി. അതിൽ അദ്ദേഹത്തിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഇപ്പോഴും ഇതു പാസ്സാക്കേണ്ട കാര്യമില്ല. ഇവിടെ സർക്കുലേറ്റ് ചെയ്യപ്പെട്ടിട്ടുള്ള പല ഓർഡിനൻസുകളും ബില്ലുകളും ഇപ്പോഴും അത്യാവശ്യമായി എടുത്തു കൈകാര്യം ചെയ്തിട്ടുണ്ട്. ഈ ബിൽ കൊണ്ടുവരുന്നതിനുപകരം സമഗ്രമായ ഒരു ബില്ല് തന്നെ ഇവിടെ അവതരിപ്പിച്ച് പാസ്സാക്കാമായിരുന്നു. അതിന് അദ്ദേഹം മിനക്കെട്ടില്ല. അതിനുതക്ക വിധത്തിലുള്ള ഒരു ജനാധിപത്യ ബോധത്തിലേക്ക് മി. ജേക്കബ് ഉയർന്നുവരുമെന്ന പ്രതീക്ഷ എനിക്കില്ല. അതിൻെറ ഉദാഹരണമാണ് നമ്മുടെ ഗ്രന്ഥശാലകളുടെ ജനാധിപത്യ സ്വഭാവം ഇന്നു പൂർണ്ണമായി ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു എന്നത്. നമുക്കെല്ലാം അറിയാം നമ്മുടെ നാട്ടിൻപ്രദേശങ്ങളിലെ മഹത്തായ ഒരു പ്രസ്ഥാനമാണ് വായനശാലകളും അല്ലെങ്കിൽ ഗ്രന്ഥശാലകളും. അവിടെയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടാനുസരണം ജാതി—മത വിഷം കുത്തിക്കലർത്തിയത് നിങ്ങളാണ്. സർ, ഇത് ചെറുപ്പക്കാരുടെ കാലമാണ്. നമ്മുടെ നാട്ടിൻപ്രദേശങ്ങളിൽ പതിനായിരക്കണക്കിന് ചെറുപ്പക്കാർ നിസ്വാർത്ഥമായി പ്രവർത്തിക്കുന്നുണ്ട്. യാതൊരു പ്രതിഫലവും കൂടാതെ എന്തു തൊഴിലും ചെയ്യുന്ന അത്തരം ചെറുപ്പക്കാരെ നിരുത്സാഹപ്പെടുത്തുന്ന നടപടിയാണ്, കൺട്രോൾ ബോർഡിന്റെ ഭരണത്തിലൂടെ ഇപ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. നാട്ടിൻപ്രദേശത്തുള്ള വായനശാലകളെ മഹാനായ മാക്സിം ഗോർക്കു ഉന്നതമായ അർത്ഥത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നത് നാട്ടിൻപ്രദേശത്തെ സർവ്വകലാശാലയെന്നാണ്. കേരളത്തിലെ വിവിധ ജനവിഭാഗങ്ങൾ കക്ഷി മൽസരത്തിന് അതീതമായിത്തന്നെ അത്തരം സങ്കേതങ്ങളെ ഉപയോഗപ്പെടുത്തിയിരുന്നു. അതിന്റെ നേട്ടമാണ് നമ്മുടെ സംസ്ഥാനം ഇൻഡ്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി, സ്കൂളുകളിൽനിന്നും, കോളേജുകളിൽനിന്നും കിട്ടിയ വിദ്യാഭ്യാസത്തിനുപുറമേതന്നെ വിദ്യാഭ്യാസമുള്ള ജനങ്ങളെക്കൊണ്ട് നിറഞ്ഞിട്ടുള്ളത്. നമ്മുടെ സാംസ്കാരികവും, സാമൂഹ്യവും, വിദ്യാഭ്യാസപരവുമായ വളർച്ചയുടെ ഒരു പ്രധാന ഘടകമായ ഈ മഹാപ്രസ്ഥാനത്തിന്റെ കടയ്ക്കലാണ് കത്തി വച്ചിരിക്കുന്നത്. അതുകൊണ്ട് ജനാധിപത്യ സ്വഭാവം പുനസ്ഥാപിക്കാൻ അടിയന്തിരമായി നടപടിയെടുക്കണമെന്നാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്. ഇപ്പോൾ ഈ കൺട്രോൾ ബോർഡിനകത്ത് ഒരു ഫുൾടൈം മെമ്പറായിട്ടുള്ളത് ശ്രീ. ഇ. എം. കുര്യാക്കോസാണ്. ഈ കുര്യാക്കോസിന്റെ സ്വഭാവത്തെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. അദ്ദേഹം അവിടെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളിൽനിന്നും മനസ്സിലാക്കുന്നത് പാവപ്പെട്ട ആളൊന്നുമല്ലെന്നാണ്. ആ വസ്തുത ശരിയോ തെറ്റോ എന്ന് നിങ്ങളാരെങ്കിലും പറഞ്ഞാൽ മനസ്സിലാക്കാം. തെറ്റു തിരുത്താം. കേരളാകോൺഗ്രസ്സിലുള്ള ഒരു മെമ്പർ മാത്രമാണ് ഉള്ളതെന്ന് മന്ത്രി പറയുന്നു. ഏതായാലും ഇപ്പുറത്തിരിക്കുന്നവർ ആരുമുണ്ടായിരിക്കുകയില്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ഒരു ഗുണമുണ്ട്. ഇപ്പുറത്തുള്ള ആളുകളെ അപ്പുറത്തുവന്നു് അഭിപ്രായപ്രകടനം നടത്തുകയില്ല. ഈ ഗ്രന്ഥശാലയുടെ തിരഞ്ഞെടുപ്പു നടത്തിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട ജേക്കബ്ബിനും എനിക്കുമറിയാം.

ശ്രീ. വി. ജെ. തങ്കപ്പൻ: മറ്റു പാർട്ടിക്കാരുടെ പ്രതിനിധികളെക്കൂടി ആ ബോർഡിൽ വരുത്തിയാൽ അവർ നടത്തുന്ന അഴിമതികൾ പുറത്തുവരുമെന്നുള്ളതുകൊണ്ടല്ലേ ഉൾപ്പെടുത്താത്തത്?

ശ്രീ. വി. കെ. രാജൻ: ഇവർ രൂപീകരിച്ചിട്ടുള്ള എല്ലാ ബോർഡുകളും കമ്മിറ്റികളും അഴിമതിയുടെ കേന്ദ്രങ്ങളാണ്. ചിലയിടത്ത് ചെറുതായിരിക്കും, ചിലയിടത്ത് വലുതായിരിക്കും, അതിൽ വേറെ പാർട്ടിയിലെ മെമ്പർമാരെ ഉൾക്കൊള്ളിക്കുവാൻ യാതൊരു താൽപ്പര്യവും നാളിതുവരെ പ്രകടിപ്പിച്ചിട്ടില്ല. അപ്പോൾ ഞാൻ സൂചിപ്പിച്ചത് കേരള കോൺഗ്രസ്സിലുള്ള ഒരു മെമ്പർ മാത്രം.....

ശ്രീ. പി. സി. ജോർജ്: നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നപ്പോൾ അന്നത്തെ പ്രതിപക്ഷമുന്നണിയിൽനിന്ന് ആരെയും ഉൾപ്പെടുത്താതിരുന്നത് മര്യാദയാണോ?

ശ്രീ. വി. കെ. രാജൻ: അന്ന് പ്രതിപക്ഷ—ഭരണകക്ഷി വ്യത്യാസമില്ലാതെ എല്ലാവരും ഉണ്ടായിരുന്നു. അതു പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻപിള്ള: ശ്രീ. രാജൻ, കുര്യാക്കോസിനെക്കുറിച്ചു പറഞ്ഞു 1977—ൽ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ പിൻതുണയോടുകൂടി നിയമസഭയിലേക്ക് മൽസരിച്ച ആളാണ് കുര്യാക്കോസ് എന്നുള്ള വിവരം ശ്രീ. വി. കെ. രാജന് അറിയാമല്ലോ?

ശ്രീ. വി. കെ. രാജൻ: ആളുകൾ പലപ്പോഴും പാർട്ടി മാറുമല്ലോ, എനിക്കറിയാം ശ്രീ. സുരേന്ദ്രൻപിള്ള കേരളാ കോൺഗ്രസ്സ് അല്ലായിരുന്നു. സുരേന്ദ്രൻപിള്ള കോൺഗ്രസ്സ് ആയിരുന്നു. അതുകൊണ്ട് തർക്കിച്ചിട്ട് കാര്യമില്ല. പല ആളുകളും പാർട്ടി മാറും.....(ബഹളം).... അപ്പോഴാ ഞാൻ പറഞ്ഞു വന്നത് ഈ കുര്യാക്കോസിനെ സംബന്ധിച്ച് വളരെയേറെ ആക്ഷേപങ്ങളുണ്ടെന്നാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് പരിശോധിക്കാം. അതിൽ പ്രധാനമായൊരു ആക്ഷേപം ഉയർന്നുവന്നിരിക്കുന്നത് കേന്ദ്ര കമ്മിറ്റിയാണെന്നുള്ള അടിസ്ഥാനത്തിൽ ടി. എ. ഉംപ്പെടെ സർക്കാർ ചെലവിൽ മറ്റു ലൈബ്രറികളിലെ ചടങ്ങുകളിൽ പങ്കെടുക്കാൻ പോകാമെന്നുള്ളതാണ്. ഗ്രന്ഥശാലാസംഘത്തിൽ നിന്ന് അങ്ങനെയൊരു ആരോപണം സാർവ്വത്രികമായി ഉയർന്നുവന്നിരിക്കുന്നത് ശരിയോ തെറ്റോ എന്നു പരിശോധിക്കണം. അതുപോലെതന്നെ ഗ്രന്ഥശാലാസംഘത്തിന് ഗ്രാന്റ് അനുവദിച്ചുകൊടുക്കുന്ന കാര്യമെടുക്കാം. ഗ്രാന്റ് അനുവദിച്ചുകൊടുക്കുന്നതിന് ചില പ്രത്യേക നടപടികളുണ്ട്. പൈങ്കിളി സാഹിത്യ പുസ്തകങ്ങളും പോലെ നിരവധി വാരികകളും നമ്മുടെ സാംസ്കാരിക കേരളത്തിൽ വളർന്നു വന്നിരിക്കുന്നു. മംഗളം, മനോരമ, മാമാങ്കം തുടങ്ങിയ ആഴ്ചപ്പതിപ്പുകളും ലൈബ്രറികളിൽ പാടില്ലെന്ന് നിർദ്ദേശമുള്ളതാണ്. ഇപ്പോഴും പൈങ്കിളി സാഹിത്യം പോലുള്ള അസഭ്യമായ സംസ്കാരശൂന്യമായ നോവലുകളും തുടർക്കഥകളും ശ്രീ. മുട്ടത്തുവർക്കിയെപ്പോലുള്ളവർ എഴുതിക്കൊണ്ടിരിക്കുന്നു. അത്തരം പുസ്തകങ്ങളാണ് ലൈബ്രറികളിൽ വാങ്ങി ശേഖരിക്കുന്നത്. അതുപോലെതന്നെ നാഷണൽ ബുക്ക് സ്റ്റാളുകളും പോലുള്ള ബുക്കുഹൗസുകളിൽ നിന്നും പുസ്തകങ്ങൾ വാങ്ങാൻ പാടില്ല എന്നും. പുസ്തകങ്ങൾ വാങ്ങുന്നത് ഏറ്റവും കമ്മീഷൻ കൂടുതൽ കിട്ടുന്നതും പൈങ്കിളി സാഹിത്യ മേഖലയ്ക്ക് പ്രാധാന്യമുള്ളതുമായ ബുക്ക് സ്റ്റാളുകളിൽനിന്നേ പാടുള്ളൂ എന്നും നിർദ്ദേശിച്ചിരിക്കുകയാണ്. അതിന് 60% വിലയിൽ കമ്മീഷൻ ഉണ്ടെന്നാണ് അറിയുന്നത്. വായനശാലാപ്രവർത്തകർക്ക് ബില്ലുവഴി കൊടുക്കുന്ന കമ്മീഷനുണ്ട്. ആ ബില്ല് കൂടാതെ വേറെയും സംഖ്യ കിട്ടുന്നു ലക്ഷക്കണക്കിന് രൂപയുടെ കാര്യമാണ്. അത് അത്ര ചെറുതൊന്നുമല്ല. നാലായിരത്തോളം വായനശാലകൾ നമ്മുടെ കേരളത്തിലുണ്ട്. അവയെ നിയന്ത്രിക്കുന്നതിന് ആവശ്യമായിട്ടുള്ള നിയന്ത്രണാധികാരങ്ങളും പരിശോധനകളും ഇല്ലാതെയാണ് ഗ്രാന്റ് നൽകുന്നത്. ഗ്രാന്റ് ഇനത്തിലും മറ്റു പല ഇനങ്ങളിലും സംസ്ഥാനഗവൺമെന്റിന്റെ സഹായങ്ങൾ ലഭിക്കുന്നതായിട്ടുള്ള സ്ഥാപനമാണ്. ആ സ്ഥാപനങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിൽ കമ്മീഷനുണ്ട്. കമ്മീഷന്റെ കാര്യം വച്ചു നോക്കിയാൽ വളരെ പണ്ഡിതൻമാരായിട്ടുള്ള ആളുകൾ എഴുതിയിട്ടുള്ള ഇടുറാ പുസ്തകങ്ങളൊന്നുംതന്നെ കഴിഞ്ഞ നാലുവർഷക്കാലമായി വാങ്ങിയിട്ടില്ലെന്നു ലിസ്റ്റുകൾ പരിശോധിച്ചാൽ അറിയാം. കാലാകാലങ്ങളിൽ ഇറങ്ങിക്കൊണ്ടിരിക്കുന്ന ഉന്നതരായിട്ടുള്ള ആളുകളുടെ പുസ്തകങ്ങളൊന്നുംതന്നെ അവിടെ വാങ്ങാറില്ല. മാർക്സിസത്തിന്റെയും ലെനിനിസത്തിന്റെയും അടിസ്ഥാനത്തിലുള്ള പുസ്തകങ്ങൾ തൊട്ടുകൂടായ്മയായി പ്രഖ്യാപിച്ചിരിക്കുന്നു. അങ്ങനെയുള്ള പുസ്തകങ്ങൾ വാങ്ങാൻ പാടി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്ന് സർക്കുലർ ഉള്ളതുപോലെ അനൗദ്യോഗികമായിട്ട് വച്ചിരിക്കുന്നു, അതാണിപ്പോഴും ഗ്രന്ഥശാലയിൽ നടക്കുന്നത്.

ശ്രീ. എ. കെ. പത്മനാഭൻ: ഗ്രന്ഥശാലാസംഘത്തിലേക്ക പുസ്തകങ്ങളും തിരഞ്ഞെടുക്കുന്നത് അതിന്റെ മാനേജ്മെന്റുമായി ബന്ധപ്പെട്ടവരും അതിലെ ഗ്രന്ഥകർത്താക്കളും സാഹിത്യരംഗത്ത് പ്രാഗൽഭ്യമുള്ള ആളുകളാണോ എന്നു നോക്കിയൊന്നുമല്ല. നേരെമറിച്ച് ഏറ്റവും കൂടുതൽ കമ്മീഷൻ എവിടെനിന്ന് കിട്ടുമെന്നു നോക്കിയാണ്. അത് പൈങ്കിളി സാഹിത്യമായാലും അശ്ലീലസാഹിത്യമായാലും ഏതായാലും തരക്കേടില്ല. കമ്മീഷൻ ഏറ്റവും കൂടുതൽ കൺട്രോളർ ബോർഡ് ചെയർമാന് കിട്ടുന്നത് എന്തിനാണോ അതാണ് മാനേജ്മെന്റെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർക്ക് അറിഞ്ഞുകൂടേ?

ശ്രീ. വി. കെ. രാജൻ: അതുതന്നെയാണ് ഞാൻ പറഞ്ഞുവന്നത്. ഇങ്ങനെ 60 ശതമാനം വരെ കമ്മീഷൻ വാങ്ങുന്നതിനെ സംബന്ധിച്ച ആളുകളും സംസാരിക്കുന്നുണ്ട്. പിന്നെ താഴോട്ടുള്ള വായനശാലകളിലെ പ്രതിനിധികളും ഈ കുര്യാക്കോസിന്റെയും കൺട്രോളർ ബോർഡിന്റെയും കീഴിലാണ്. പിന്നെ മറെറാരു മുഖപത്രമായ ഗ്രന്ഥാലോകമുണ്ട്. അതും പൈങ്കിളി സാഹിത്യംപോലെയാണ്. അതിൽ ഒരു പ്രൊഫസർ ജോർജ് ഓണക്കൂറുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യവും പൈങ്കിളി സാഹിത്യത്തിന്റെ മറെറാരു പരിഭാഷയായിട്ടാണ് കാണുന്നത്. അതു കഴിഞ്ഞാൽ മന്ത്രി ജേക്കബ്ബിന്റെ ഫോട്ടോകളുണ്ട്. ഓരോ ലക്കത്തിലും ആറോ, ഏഴോ ഫോട്ടോകളും കാണും. ചിലപ്പോൾ ഒരു ലക്കത്തിൽ 8 എണ്ണം വരെയുണ്ടാകും.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ ഗ്രന്ഥാലോകത്തിന്റെ ഏതാണ്ട് മുക്കാൽ പങ്കും ബഹുമാനപ്പെട്ട മന്ത്രിയുടെ വിദേശ പര്യടനവും അതിന്റെ ഫോട്ടോയും അച്ചടിക്കാൻവേണ്ടിയാണ്. ഇവിടെ അടിച്ച് കുറെ കോപ്പികൾ നശിപ്പിച്ചിട്ട് രണ്ടാമത് അടിച്ചതായി ഒരു ആരോപണം ഇതിനുമുൻപ് ഉണ്ടായിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. രാജൻ: ഞാൻ പറഞ്ഞത് മന്ത്രിയുടെ ആറ്, ഏഴ് ഫോട്ടോകൾ വീതം ഓരോ ലക്കത്തിലും ഉണ്ടെന്നാണ്. മന്ത്രിയെ ആളുകൾ അറിയുന്നതുകൊണ്ട് എല്ലാവരും ശ്രദ്ധിക്കും. പ്രീഡിഗ്രി ബോർഡുമായി ബന്ധപ്പെട്ട ബഹുമാന്യനായ മന്ത്രിയെ അറിയാത്ത കൊച്ചുകുട്ടികൾ പോലുമില്ല. ഇങ്ങനെ അറിയപ്പെടുന്ന മന്ത്രിമാരാരും കാണുകയില്ല. അപ്പോൾ ഈ മന്ത്രിയുടെ പടം ഗ്രന്ഥാലോകത്തിൽ മാത്രം അടിച്ചിറക്കി ശ്രീ. രാജീവ് ഗാന്ധി ടി. വി. യിൽ വരുന്നതുപോലെ എപ്പോഴും വരേണ്ട കാര്യമുണ്ടോ? ശ്രീ. രാജീവ് ഗാന്ധി പൈലറ്റായിരുന്നു.

സർ, അടുത്തതായി എനിക്ക് പറയാനുള്ളത് ലൈബ്രേറിയൻമാർക്ക് ഫുൾടൈമായിരിക്കുന്ന ഒരു കോഴ്സിനെ സംബന്ധിച്ചാണ്. അതിന് ഒരു അംഗീകൃതമായ മാനദണ്ഡം സ്വീകരിച്ചിരുന്നു. അതായത് നാട്ടുപുറങ്ങളിൽ യാതൊരു സാമ്പത്തിക ആനുകൂല്യവുമില്ലാതെ പ്രവർത്തിക്കുന്ന ലൈബ്രേറിയൻമാരിൽനിന്നും കാലാകാലങ്ങളായി ഈ കോഴ്സിലേയ്ക്ക് തിരഞ്ഞെടുക്കണമെന്നാണ്. അങ്ങനെ ട്രെയിനിങ് പൂർത്തിയായിക്കഴിഞ്ഞാൽ അത്തരം ആളുകൾക്ക് ജോലികൊടുക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള നടപടിയുണ്ട്. എന്നാൽ ഞാൻ ആക്ഷേപമായി പറയുകയല്ല, ഒരു ഷോപ്പിലെ കച്ചവടക്കാരൻ ഈ കോഴ്സിൽ ചേർന്നിരിക്കുന്നു. മന്ത്രി സീറ്റുകൊടുത്തതാണെന്നാണ് ഞങ്ങളുടെ അന്വേഷണത്തിൽനിന്ന് മനസ്സിലായത്. അദ്ദേഹം അറിഞ്ഞുകൊണ്ടുകയില്ല. ഇവിടെ കൊടുക്കുന്ന ലിസ്റ്റിൽ അത് ഉൾപ്പെട്ടിരിക്കുന്നുവെന്നേയുള്ളൂ. ഞാൻ വേണമെങ്കിൽ ആളെ പറഞ്ഞുതരാം. അതുകൊണ്ട് നമ്മുടെ നാട്ടുമ്പുറങ്ങളിൽ ലൈബ്രേറിയൻമാരെ പ്രോൽസാഹിപ്പിക്കണം. ആ പ്രോൽസാഹനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ലൈബ്രറി കോഴ്സിലേയ്ക്ക് ആളുകളെ എടുക്കേണ്ടത് എന്നാണ് ഞാൻ പറയുന്നത്. അല്ലാതെ ആക്ഷേപത്തിനുവേണ്ടിയല്ല.

സർ, നമ്മുടെ ലൈബ്രറികളിലൊക്കെ വാർഷിക സമ്മേളനങ്ങളും, സെമിനാറുകളും, ശിൽപ്പശാലകളും ഇവ നടത്തിയിരുന്നു. ഇപ്പോൾ അങ്ങനെയൊരു ഏർപ്പാടില്ല. കാരണം ആർക്കും ഇപ്പോൾ അത് ആവശ്യമില്ല എന്നുള്ളതാണ്. ഗ്രഡേഷൻ കമ്മിറ്റിയെക്കുറിച്ചുകൂടി എനിക്ക് പറയാനുണ്ട്. ഗ്രഡേഷൻ കമ്മിറ്റിയാണ് ലൈബ്രറികളും പരിശോധിച്ച്, മെമ്പർമാരുടെ അടിസ്ഥാനത്തിൽ, പുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ ഫർണീച്ചറിന്റെ അടിസ്ഥാനത്തിൽ ഒക്കെ ഗ്രേഡ് നിശ്ചയിച്ച് ഗ്രാന്റ് ഏർപ്പെടുത്തുന്നത്. വർഷങ്ങൾക്ക് മുമ്പാണ് ഇങ്ങനെ ഗ്രേഡ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അതിനിടയിൽ പുസ്തകങ്ങളുടെ വില പത്തു പതിനഞ്ചിരട്ടി വർദ്ധിച്ചു. ആ വർദ്ധനവനുസരിച്ച് നമ്മുടെ ലൈബ്രറികൾക്ക് ഗ്രാന്റു കൊടുക്കുന്ന ഒരു നടപടി ഇപ്പോൾ നമ്മുടെ സംസ്ഥാനത്തില്ല. വിദ്യാഭ്യാസമേഖലയ്ക്ക് നല്ലൊരു സംഖ്യ ചെലവഴിക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ആ മേഖലയിൽ ഗ്രഡേഷൻ കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അതിനനുസൃതമായി ലൈബ്രറികളുടെ ഗ്രേഡ് നിശ്ചയിച്ച് അതിലുള്ള അപാകതകൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റു നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. അതുപോലെതന്നെ ലൈബ്രറികളിൽ സ്ഥിരമായി പ്രവർത്തിച്ചുവരുന്ന ആൾക്കാർക്ക് ഇന്ന് ചെറിയതോതിൽ കൊടുക്കുന്ന ഗ്രാന്റ് വർദ്ധിപ്പിച്ചുകൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. നിയമമോ ബില്ലോ ആയി വരുന്നതിന് മുമ്പുതന്നെ ഇതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം.

നമ്മുടെ പബ്ലിക് ലൈബ്രറികളിൽനിന്നും വായനശാലകളിലേയ്ക്ക് പുസ്തകങ്ങൾ മൊബൈലായിട്ട് എത്തിക്കുന്ന പതിവുണ്ടായിരുന്നു. താലൂക്കുകളിലെ വായനശാലകളിൽ മൊബൈൽ വഴി പുസ്തകം എത്തിക്കുകയും പഴയപുസ്തകങ്ങൾ തിരിച്ചു കൊണ്ടുപോകുകയും ചെയ്യുന്ന ഏർപ്പാട്. അങ്ങനെയുള്ള മൊബൈൽ ലൈബ്രറി സിസ്റ്റം ഇപ്പോഴില്ല. അതിന്റെ ഫലമായി പുതിയ പുസ്തകങ്ങൾ എടുക്കുന്നതിന് ആളുകൾക്ക് കഴിയുന്നില്ല. ആ സിസ്റ്റം ഏർപ്പെടുത്താൻ ഗവൺമെന്റുതന്നെ മുൻകൈയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ കൈയിലെ ഉപകരണമാണല്ലോ ഈ കമ്മിറ്റി. ആ കമ്മിറ്റി മുഖാന്തിരം അത് നടപ്പാക്കുന്നതിനുള്ള സംവിധാനം വേണം.

സർ, വളരെയേറെ ജനാധിപത്യവിരുദ്ധമായി, വർഷങ്ങളായി തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുന്ന നടപടി ശരിയല്ല. അടുത്ത നിയമസഭയിൽതന്നെ പുതിയ ബില്ലു കൊണ്ടുവരണം. ഏറ്റവും അടിയന്തിരമായി തിരഞ്ഞെടുപ്പു നടത്തണമെന്നാണ് ഞാൻ പറയുന്നത്. നാട്ടിൻപുറത്തു

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിലെ ആംഗ്ലാരെ വിളിച്ചുകൂട്ടി താലൂക്കടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും തെരഞ്ഞെടുപ്പു നടത്തി ഈ കാലഘട്ടത്തിലെ ഏറ്റവും ഉന്നതമായ മാനദണ്ഡം പുലർത്തിക്കൊണ്ട് ജനാധിപത്യത്തിന്റെ സിരാകേന്ദ്രമായി വർത്തിക്കുന്ന ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കണം. ഈ ബില്ല് ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണം. എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, 1986—ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതിബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഗ്രന്ഥശാലാസംഘത്തിന്റെ ഭരണം ഗവൺമെന്റ് ഏറ്റെടുക്കണം എന്നുള്ള തീരുമാനത്തിന് എന്റെകൂടി പിന്തുണയുണ്ടായിരുന്നു. അന്ന് അങ്ങനെയൊരു തീരുമാനത്തെ അനുകൂലിക്കുമ്പോൾ ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരമാക്കുന്നതിന് വ്യക്തമായ വ്യവസ്ഥകൾ ചെയ്യുന്ന നിയമനിർമ്മാണത്തിന് നടപടികളും ഉണ്ടായി. നമുക്ക് എല്ലാർക്കും അറിയാവുന്നതുപോലെ സംസ്ഥാനത്തെ രാഷ്ട്രീയ സാംസ്കാരിക—നവോത്ഥാനത്തിൽ ഏറ്റവും പ്രധാനമായ പങ്കു വഹിച്ചിട്ടുള്ളതാണ് ഗ്രാമപ്രദേശങ്ങളിലെ വായനശാലകളും ഗ്രന്ഥശാലകളും. ഇന്നും വലിയ ഒരളവുവരെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് ആ കാര്യത്തിൽ ഫലപ്രദമായ പങ്കുവഹിക്കാൻ കഴിയുന്നുവെന്ന വസ്തുത ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. അത്രമാത്രം നമ്മുടെ ഗ്രാമീണജീവിതത്തിന് പുതിയൊരു ഉണർവ് ഉണ്ടാക്കുന്നതിന് സംഭാവന ചെയ്ത ഗ്രന്ഥശാലാപ്രസ്ഥാനത്തിന് ഇന്നു വന്നുചേർന്നിരിക്കുന്ന ദുർഗ്ഗതി എന്താണെന്ന് എന്റെ സുഹൃത്തുക്കൾ പലരും ഇവിടെ സൂചിപ്പിച്ചു. 1977—ൽ ഇത്തരത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവരുകയും മാസങ്ങൾക്കകം അത് നിയമമാക്കുകയും ചെയ്തതാണ്. അത് നിയമമാക്കിക്കഴിഞ്ഞതോടെതന്നെ പുതിയ നിയമനിർമ്മാണത്തിനുള്ള നടപടികളാരംഭിച്ചു. എന്റെ ഓർമ്മശരിയാണെങ്കിൽ പല സെലക്ട് കമ്മിറ്റികളിലും ചർച്ച ചെയ്തു സാമാന്യം വ്യക്തമായ ഒരു രൂപവും ആ നിയമത്തിന് ഉണ്ടായി. പിന്നീട് ഗ്രന്ഥശാലാസംഘങ്ങളിലും പ്രാദേശികബോർഡുകളിലും ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ സ്വാധീനവും പ്രേരണയും ചെലുത്താൻ കഴിയത്തക്കവിധത്തിലുള്ള സംവിധാനമുണ്ടാക്കുന്നതിനുള്ള സമ്മർദ്ദം ഉണ്ടായി. അത് വലിയ വിവാദത്തിന് ഇടവരുത്തി. സർക്കാരിൽനിന്ന് സാമ്പത്തികസഹായം ലഭിക്കുന്നുവെന്ന ഒറ്റക്കാരണംകൊണ്ട് ഇത്രയേറെ ജനകീയസ്വഭാവമുള്ള ഒരു പ്രസ്ഥാനത്തിന്റെ ജനാധിപത്യസ്വഭാവത്തിന്റെ അടിത്തറയ്ക്കുമുഴുവൻ ഇളക്കം തട്ടത്തക്കവിധത്തിൽ, ബ്യൂറോക്രസിക്ക് സ്വാധീനം ചെലുത്താൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തുന്നതിൽ വ്യാപകമായ വിമർശനം ഉണ്ടായി. അതിന്റെ മറവിൽ നിയമനിർമ്മാണം നടക്കാതെ ഇങ്ങനെ നീണ്ടുനീണ്ടുപോകുകയാണ്. ഇത് വളരെ ദുരുഹം പിടിച്ച അവസ്ഥയാണ്. എന്റെ സുഹൃത്തായ വിദ്യാഭ്യാസ മന്ത്രിക്ക് ഇത്രമാത്രം നമ്മുടെ ഗ്രന്ഥശാലാപ്രസ്ഥാനത്തോടും വായനക്കാരോടും വിരോധം ഉണ്ടാകേണ്ട കാര്യമില്ല. കേരള—കാലിക്കറ്റ് സിൻഡിക്കേറ്റുകളോട് അദ്ദേഹത്തിന് വിരോധമുണ്ടാകുന്നത് മനസ്സിലാക്കാം. അതുതന്നെയും അർത്ഥമില്ലാത്തതാണ്. വിമർശനങ്ങളും എതിർപ്പുകളും ഉണ്ടാകും. അത് ടി. എം. ജേക്കബോ, പങ്കജാക്ഷനോ ആയതുകൊണ്ട് നമ്മൾക്കെതിരെ വിമർശനങ്ങൾ ഉണ്ടാകുന്നതല്ല. ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസമന്ത്രിയായിരിക്കുമ്പോൾ വിദ്യാഭ്യാസരംഗത്തെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ള്ളുള്ള വിമർശനങ്ങളും സ്വാഭാവികമായും അങ്ങേയ്ക്ക് എതിരായി വരും. ഒരു ജനപ്രതിനിധി എന്നുള്ളനിലയിൽ പങ്കജാക്ഷനെ ജനങ്ങൾ വിമർശിച്ചു എന്നുവരും. അതിൽ വ്യക്തിപരമായ വിരോധം കാണുന്നതും തന്റെ ദുർവ്വാശികൊണ്ട് സർവ്വവും സംഹരിക്കുന്നതും ശരിയല്ല. അത്തരമൊരു സമീപനം സ്വീകരിക്കുന്നത് ശരിയല്ല. അദ്ദേഹം പുനർചിന്തനം നടത്തണമെന്ന് ഒരു മുതിർന്ന വ്യക്തി എന്നുള്ള നിലയിൽ അഭ്യർത്ഥിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഉപദേശിക്കാൻ ഞാനാളല്ല. ദുർവ്വാശിയും ശാഠ്യവും ഉചിതമല്ല. അദ്ദേഹം ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന സമീപനം നമ്മുടെ ഏറ്റവും വലിയ ജനകീയപ്രസ്ഥാനമായ ഗ്രന്ഥശാലകളോട് ഉണ്ടാകരുത്.

ഗ്രന്ഥശാലകളിലെ കണ്ട്രോൾ ബോർഡുകളെപ്പറ്റി ഇവിടെ പറഞ്ഞു പ്രതിപക്ഷപാർട്ടികളിൽപ്പെട്ട ആൾക്കാർ പിടിപ്പില്ലാത്തവരാണ്; അതുകൊണ്ട് അവരെ ബോർഡുകളിൽ വയ്ക്കുന്നില്ല. സാമാന്യമര്യാദപോലും ഇക്കാര്യത്തിൽ കാണിക്കുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. വെസ്റ്റ് ബംഗാളിൽ ഉണ്ടാക്കിയബോർഡിൽ പ്രതിപക്ഷ പാർട്ടിയിൽപ്പെട്ട ആരെയും ഉൾപ്പെടുത്തിയില്ല, അല്ലെങ്കിൽ പങ്കജാക്ഷനും മറ്റും ഭരിച്ചിരുന്ന മന്ത്രിസഭയുടെ കാലത്തും പ്രതിപക്ഷപാർട്ടികളിൽപ്പെട്ടവരെ ഉൾപ്പെടുത്തിയിരുന്നില്ല എന്നൊക്കെയുള്ള ന്യായങ്ങൾ മറുപടിയായി പറയുന്നതിനേക്കാൾ മോശമായ മറുപടി വേറെ ഇല്ല. അത്തരമൊരു സമീപനം സ്വീകരിക്കണമോ, അത് നല്ലതാണോ? ആലോചിക്കേണ്ട കാര്യമാണ്. പ്രതിപക്ഷപാർട്ടികളിൽപ്പെട്ടവരെ ആരെയും ബോർഡിൽ എടുത്തില്ല. പോകട്ടെ, അക്ഷരവൈരികളല്ലാത്തവരെയെങ്കിലും എടുക്കണ്ടേ?

അക്ഷരമറിയില്ലെങ്കിലും വിവരം ഉണ്ടായിരുന്നാൽ കുഴപ്പമില്ലായിരുന്നു. അതുമില്ല. സീതിഹാജിക്ക് വിവരമില്ല എന്നുപറയാനുള്ള വിവരക്കേട് എനിക്കില്ല. അക്ഷരവൈരികളായിട്ടുള്ളവരെ സർവ്വകലാശാലാ സെനറ്റിൽ നോമിനേറ്റ് ചെയ്യുക, സിൻറിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്യുക, ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ബോർഡുകളിൽ നോമിനേറ്റ് ചെയ്യുക ഇതൊക്കെ മോശമാണ്. അത് ആര് ചെയ്താലും ശരിയല്ല. ഇനി ബേബിജോൺ ചെയ്തിട്ടുണ്ടെങ്കിൽ, അതുവച്ച് ബേബി ജോൺ പണ്ടുണ്ടാക്കിയ ബോർഡിൽ ഒരു അക്ഷര വൈരിയുണ്ടായിരുന്നു. അത്തരത്തിലുള്ള ന്യായീകരണം.....

ശ്രീ. എ. സി. ജോസ്: അക്ഷരവൈരിയെന്നു പറഞ്ഞാൽ ഒരു ടെസ്റ്റ് കേസ് പറയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഞാൻ ഉദാഹരണം പറയാം. എനിക്ക് സ്നേഹമുള്ള ജോസ് ചോദിച്ചതുകൊണ്ടാണ് ഞാൻ പറയുന്നത്. അക്ഷരം എല്ലാവരും പറയും. 'വിദ്യാഭ്യാസം' എന്നു പറയുന്നവരും കാണും 'വിധ്യാഭ്യാസം' എന്നു പറയുന്നവരും കാണും. ഇപ്പോൾ മനസ്സിലായോ? ഞാൻ ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. ഞാൻ നല്ലവണ്ണം അക്ഷരം അറിയാവുന്നവനാണ്. വലിയ വിജ്ഞാനമില്ലെങ്കിലും നല്ലവണ്ണം അക്ഷരമറിയാം. അതിനെപ്പറ്റി കൂടുതൽ പറയാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഈ പരംപരഗതാഗത വ്യവസായം എന്ന് പറയുന്നവരും ഇതിൽപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: മനഃപ്പൂർവ്വമായി ആരെയും ആക്ഷേപിക്കാൻ പറയുകയല്ല. നോമിനേറ്റ് ചെയ്യപ്പെടുന്നവർ സാമാന്യമായ വിവരവും സാംസ്ക്കാരിക പാശ്ചാത്തലവും പാരമ്പര്യവുമുള്ളവരായിരിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. ഇത്തരം ബോർഡുകളിലും കോർപ്പറേഷനുകളിലുമൊക്കെ ഗവൺമെന്റ് നോമിനികളുണ്ടാവും. ആ നോമിനികളെ വയ്ക്കുന്നത് നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ. സാംസ്കാരിക പശ്ചാത്തലത്തിന് അപമാനകരമായിത്തീരുന്നവിധത്തിലാകരുത്. വേഗത്തിൽത്തന്നെ ഗ്രന്ഥശാലാ ബിൽ നിയമമാക്കുന്നതിന് അടിയന്തിരമായ നടപടികളും സ്വീകരിക്കണം എന്ന് ആവശ്യപ്പെടാൻ കൂടി ഈ അവസരം ഉപയോഗിക്കുന്നു. കഴിഞ്ഞതവണ നിയമനിർമ്മാണത്തെപ്പറ്റി ബിസിനസ് അഡ്വൈസറി കമ്മിറ്റി ചർച്ച ചെയ്തപ്പോഴും ആ ബിൽ നിയമമാക്കുന്നതിന് യോജിക്കുന്നു ഞങ്ങളും പൂർണ്ണമായും സമ്മതിച്ചതാണ്. കഴിയുംവേഗം, ഉദ്യോഗസ്ഥൻമാരുടെ അമിതമായ സ്വാധീനമില്ലാത്ത, ജനാധിപത്യപശ്ചാത്തലം കളഞ്ഞുകുളിക്കാത്ത ഒരു ഗ്രന്ഥശാലാ നിയമം നമുക്ക് സൃഷ്ടിക്കാൻ കഴിയട്ടെ എന്ന് ആശിക്കുക മാത്രം ചെയ്യുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, 1986–ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണ നിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബില്ല് പൊതു ജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. സർ, വിദ്യാഭ്യാസ നയത്തേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സ്വകാര്യ കച്ചവടക്കാർക്ക് ഏൽപ്പിച്ചു കൊടുത്ത വിദ്യാഭ്യാസ മന്ത്രി നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും വലിയ ഒരു സാംസ്കാരിക സ്ഥാപനത്തെ നാശത്തിന്റെ വക്കിലേക്ക് നയിക്കുകയാണ്. കേരള ഗ്രന്ഥശാലാസംഘത്തിന്റെ ജനാധിപത്യ സ്വഭാവം നശിപ്പിച്ചിട്ട്, ജനാധിപത്യ രീതിയിലുള്ള ഭരണ സംവിധാനം അവസാനിപ്പിച്ചിട്ട് ഒൻപത് കൊല്ലമായി. 1977–ൽ ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുന്ന സന്ദർഭത്തിൽ ആണെന്ന് തോന്നുന്നു ഗ്രന്ഥശാലാ സംഘത്തിന്റെ എല്ലാവിധ ജനാധിപത്യ സ്വഭാവവും നിഷേധിച്ചുകൊണ്ട് ആ സംവിധാനം അവസാനിപ്പിച്ച് ഒരു ഓർഡിനൻസ് മുഖേന സർക്കാർ അതിന്റെ ഭരണം ഏറ്റെടുത്തത്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് അങ്ങനെ സംഭവിച്ചത്.

ശ്രീ. സി. ടി. കൃഷ്ണൻ: ശ്രീ. അച്യുതമേനോന്റെ കാലത്താണെങ്കിൽ അങ്ങനെ കൃത്യമായി എനിക്കോർമ്മയില്ല. ഒൻപത് കൊല്ലമായിയെന്നു സൂചിപ്പിക്കുന്നതിന് വേണ്ടിയാണ്. ജനാധിപത്യസംവിധാനം ഒൻപതു കൊല്ലമായിട്ട് നിങ്ങൾ നടപ്പിലാക്കാൻ കൂട്ടാക്കിയില്ല എന്ന് പറയാൻ വേണ്ടിയാണ്. ഇ ഓർഡിനൻസ്തന്നെ ഇപ്പോൾ ഏഴാമത്തെ പ്രാവശ്യമാണ് കാലാവധി നീട്ടി കൊടുക്കുന്നത്. ഒരു കൺട്രോൾ ബോർഡിന്റെ ഭരണം അഞ്ചു കൊല്ലമെന്നാണ് നേരത്തേ പാസ്സാക്കിയ ആക്ടിലുള്ളത്. അഞ്ചുകൊല്ലത്തിനകത്തും ഒരു ലൈബ്രറി നിയമം കൊണ്ടുവന്ന് ഗ്രന്ഥശാലാ പ്രസ്ഥാനത്തെ സഹായിക്കാൻ കഴിയാത്തതിന്റെ ഫലമായി വീണ്ടും അഞ്ചു കൊല്ലം പത്ത് കൊല്ലമാക്കി കൊടുക്കണമെന്നുള്ള ഒരു ഭേദഗതി കൊണ്ടുവരുന്നത്. ഈ രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനത്തിനും ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും സാംസ്കാരിക പ്രവർത്തകൻമാർക്കുമെല്ലാം അപമാനമാണ്. ഈ നിയമസഭയിൽത്തന്നെ നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്; ഒരു നിയമം പാസ്സാക്കി

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരമായി ഉദ്യോഗസ്ഥ മേധാവികളുടെ ഭരണം ഈ രംഗത്ത് നിന്ന് അവസാനിപ്പിക്കണമെന്ന്. സർ, ഈ കൺട്രോൾ ബോർഡിന്റെ ഭരണത്തിൽ ഗ്രന്ഥശാലകളുടെ സ്ഥിതിയെന്താണെന്നറിയാമോ? ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് വായനശാലകളും, ഗ്രന്ഥശാലകളുമെല്ലാം തന്നെ നിർജ്ജീവാവസ്ഥയിലാണ്. തെരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റികളില്ല. തെരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റി വായനശാലകളുടെ പ്രവർത്തനം പരിശോധിക്കുന്നില്ല. പുതിയ മെമ്പർമാരെ, കഴിവുള്ള ചെറുപ്പക്കാരെ, യുവാക്കളെ, അഭ്യസ്തവിദ്യരെ ഒക്കെ ഈ വായനശാലയിലെ പ്രവർത്തനങ്ങളിലേക്ക്, ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള യാതൊരു നടപടികളും ഇല്ല. സംസ്ഥാനത്ത് ഒരു കൺട്രോൾ ബോർഡ്, ജില്ലകളിൽ ഉപദേശക ബോർഡ്. ഇവയുടെ കഥ പറയാതിരിക്കുകയാണ് ഭേദം. രണ്ടേ രണ്ടാളുകൾക്കാണ് ഈ കൺട്രോൾ ബോർഡിലെ ഗ്രന്ഥശാലാപ്രസ്ഥാനവുമായി എന്തെങ്കിലും ബന്ധമുള്ളത്. മറ്റെല്ലാവരും ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളുമായോ, ഈ ഗ്രന്ഥശാലാ പ്രസ്ഥാനവുമായോ ബന്ധമില്ലാത്തവരാണ്. കഴിഞ്ഞ നാൽപ്പത് കൊല്ലം ആയല്ലോ ഇത് സംഘടിപ്പിക്കപ്പെട്ടിട്ട്. സർ, സി. പി. രാമസ്വാമി അയ്യർ ഭരണാധികാരിയായിരുന്ന സന്ദർഭത്തിൽ ആണല്ലോ ഇത് സംഘടിപ്പിച്ചത്. ഗ്രന്ഥശാലാസംഘം രജിസ്റ്റർ ചെയ്തത്. അതൊക്കെ ഇതിൽ പറയുന്നുണ്ടല്ലോ? ആ സി. പി. രാമസ്വാമി അയ്യരുടെ ജനാധിപത്യബോധമെങ്കിലും ഇപ്പോഴത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് കാണിക്കണ്ടേ? സർ സി. പി. ഒരു ഏകാധിപതിയായിരുന്നില്ലേ? ജനങ്ങളുടെ ശത്രുവായിട്ടാണ് അദ്ദേഹം ഭരണം നടത്തിയത്. ഈ ജനാധിപത്യ സംവിധാനത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഇങ്ങനെ ഉദ്യോഗസ്ഥ മേധാവിത്വത്തിനു വിട്ടുകൊടുത്ത് ജനാധിപത്യ സ്വഭാവം നശിപ്പിച്ചുകൊണ്ട് നിങ്ങൾ ഇവിടെ തുടരുന്നത്, വീണ്ടും പത്ത് കൊല്ലം ഇവർക്ക് അധികാരം കൊടുക്കുന്ന ഭേദഗതിയുമായി വരുന്നത് ഒരിക്കലും ശരിയല്ല. അത് പിൻവലിക്കാൻ നിങ്ങൾ തയ്യാറാകണം. അത് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളോടും സാംസ്കാരിക സ്ഥാപനങ്ങളോടും ചെയ്യുന്ന ഒരു അനീതിയാണ് എന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനം പരിശോധിക്കുകയോ ജനറൽ ബോഡി മീറ്റിങ്ങോ, വർക്കിംഗ് കമ്മിറ്റിയോ കൂടുകയോ ചെയ്യുന്നില്ല. അതിന്റെ മാസാന്ത്യ സ്റ്റേറ്റുമെന്റുകളോ ദൈനംദിന പ്രവർത്തനങ്ങളോ ശ്രദ്ധിക്കാൻ ആരുമില്ല. ജില്ലാ ഉപദേശക സമിതിയുണ്ടല്ലോ? ഒരു കത്തയച്ചാൽ ആ കത്ത് കിട്ടിയോ ഇല്ലയോയെന്ന് പരിശോധിക്കാൻ ആരും അവിടെ വരാറില്ല. വേണമെങ്കിൽ ആ കത്തിന്റെ ഡേറ്റ് ആഫീസ് ഫയലായിട്ട് സൂക്ഷിച്ചിട്ട് ടി. എ. എഴുതി എടുക്കുന്നുണ്ടാവും. അല്ലാതെ ഈ ഉപദേശക ബോർഡ് മെമ്പർമാരും, ഉപദേശക സമിതി മെമ്പർമാരും ഗ്രാമീണ വായനശാലകൾ സന്ദർശിക്കാറില്ല. അതിനാൽ അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ ശ്രദ്ധിക്കാൻ കഴിയാത്തതുകൊണ്ട് നാലായിരത്തിലധികം വരുന്ന സാംസ്കാരിക സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ വിജ്ഞാന കേന്ദ്രങ്ങൾ പലർക്കും പല വിധത്തിലുള്ള അറിവുകൾ സമ്പാദിക്കുന്നതിന് ഒരു ഉപകരണമായിട്ടുള്ള കേന്ദ്രവുമായിട്ടുള്ള ഈ ഗ്രാമീണ ഗ്രന്ഥശാലകൾ ഇന്ന് നാശത്തിന്റെ വക്കിലേക്ക് നീങ്ങുകയാണ്. ആ സ്ഥിതിയൊന്നു മാറ്റണം. പാലക്കാട് ജില്ലയിലെ ഒരു ഉദാഹരണം ഞാൻ പറയാം. ഈ കൺട്രോൾ ബോർഡിൽ നിങ്ങൾ പുതുതായി നോമിനേറ്റ് ചെയ്ത ആളുകൾ ആരാണ്? ഒരു വിജയകുമാർ. അയാളെ ആർക്കും ഒരു പിടിയുമില്ല. ആലത്തൂർ തൃപ്പാളൂരാണ്

LIBRARY ARCHIVES Kerala Legislative Assembly

അഡ്രസ്. പത്രത്തിൽ കണ്ടതാണ്. ഞങ്ങളൊക്കെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിൽ ചെറിയ തോതിലാണെങ്കിലും പ്രവർത്തിക്കുന്നവരാണ്. അതിന്റെ സെമിനാറുകളിലും യോഗങ്ങളിലും സമ്മേളനങ്ങളിലുമൊക്കെ പലപ്പോഴും കണ്ടുവരുന്നതാണ്. ഏതോ ഒരു പുതിയ കേരള കോൺഗ്രസ്സുകാരനാണെന്ന് പറഞ്ഞിട്ട് ഒരാളെ ഈ ഉപദേശക സമിതിയിൽ കൊണ്ട് ഇട്ടാൽ ഈ ഗ്രന്ഥശാലാ പ്രസ്ഥാനം നന്നാകുമോ? കേരള കോൺഗ്രസ്സുകാർക്ക് വേറെ പല വേദികളിലും ബോർഡ് ചെയർമാനോ മറ്റോ ഉണ്ടാകട്ടെ. ഈ ഗ്രന്ഥശാലാ സംഘത്തിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന ആളുകൾക്ക് ഗ്രന്ഥശാലാ പ്രസ്ഥാനവുമായി എന്തെങ്കിലും ബന്ധം ഉണ്ടായിരിക്കണ്ടേ? അവർക്ക് യാതൊരു ബന്ധവുമില്ല. ഏത് വിധത്തിൽ ആണ് ഇത് പ്രവർത്തിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് യാതൊരു അറിവുമില്ല. അതുപോലെ ഇവിടെ മറ്റു പല കാര്യങ്ങളും പറഞ്ഞു, പുസ്തകങ്ങളുടെ സ്ഥിതിയാണ് ഞാൻ സൂചിപ്പിക്കുന്നത്. ഗ്രാന്റ് ഗ്രഡേഷൻ കമ്മിറ്റി ശരിയായി പരിശോധന നടത്തിയിട്ട് കാലമെത്രയായി? അതിന്റെ പരിശോധന തന്നെ എങ്ങനെയാണ്? ഒരു താലൂക്കിൽ പോയിരിക്കും. അല്ലെങ്കിൽ ജില്ലാ കേന്ദ്രത്തിൽ ഈ ഗ്രഡേഷൻ കമ്മിറ്റിയിലെ മെമ്പർമാർ പോയിരിക്കും. ഗ്രന്ഥശാലാ പ്രവർത്തകൻ മാരോടെല്ലാം അക്കൗണ്ടു പുസ്തകങ്ങൾ എടുത്തിട്ട് അവിടെ വന്നോളണമെന്ന് കൽപ്പിക്കും. അവിടെ ക്യൂവാണ്. അൻപതും അറുപതും വായനശാലാ പ്രവർത്തകൻമാർ അവിടെ റിക്കാർഡുകൾ കൊണ്ടുപോയി പരിശോധിക്കുന്നു. വായനശാലകൾ സന്ദർശിക്കുന്നില്ല; അവിടത്തെ പോരായ്മകൾ കണ്ടുപിടിക്കുന്നില്ല. നേരെചൊവ്വേയുള്ള പരിശോധന നടക്കുന്നില്ല. അതിന്റെ ഫലമായി ഗ്രാന്റും ഗ്രേഡും നിശ്ചയിക്കുന്നതിൽ നിയമാനുസൃതമായ വ്യത്യാസം വരുന്നില്ല. പത്ത് കൊല്ലം മുൻപ് നിശ്ചയിച്ച അതേ ഗ്രേഡ് തന്നെയാണ് ഇപ്പോഴും. അതായത്, ബി ആണെങ്കിൽ ബി, സി ആണെങ്കിൽ സി എന്ന നിലയ്ക്ക് നിൽക്കുന്നു. ഗ്രന്ഥശാലകളുടെ ഗ്രാന്റിന്റെ സംഖ്യ വർദ്ധിപ്പിക്കാൻ യാതൊരു നടപടിക്രമവുമില്ല. ഇന്നാണെങ്കിൽ പുസ്തകത്തിന് കണ്ടമാനം വില വർദ്ധിച്ചിരിക്കുന്നു. വർഷാവർഷം പുസ്തകത്തിന് വില വർദ്ധിക്കുകയാണ്. ഈ പുസ്തകവില വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് മാറ്റി നിശ്ചയിക്കാത്തതുകൊണ്ട് പത്ത് പതിനഞ്ച് കൊല്ലത്തിന് മുൻപ് കിട്ടുന്ന ഗ്രാന്റ് ഇപ്പോൾ കിട്ടിയാൽ പത്ത് പുസ്തകം വാങ്ങാൻ തികയുകയില്ല. വളരെയധികം വില കൂടുതലാണ്. അതുകൊണ്ട് വളരെ കൊല്ലങ്ങൾക്ക് മുൻപ് സ്വീകരിച്ച അതേ മാനദണ്ഡം, അതേ നിലപാട് ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളോട് എടുക്കുന്നതുശരിയല്ല. ഈ നില തുടർന്നാൽ ഗ്രന്ഥശാലയിൽ പുസ്തകങ്ങൾ ഒന്നുമുണ്ടാകുകയില്ല. പുതിയ പുസ്തകങ്ങളോടാണ് ആളുകൾക്ക് താൽപ്പര്യം. പുതിയതായി ഈ പ്രസ്ഥാനത്തിലേക്ക് കടന്നുവരുന്ന വായിക്കാൻ അഭിരുചിയുള്ളവർ പുതിയ പുതിയ പുസ്തകങ്ങളാണ് ആവശ്യപ്പെടുന്നത്. ഒരു കൊല്ലം ഗ്രാന്റ് കിട്ടിയാൽ ചെറിയ കുഗ്രാമങ്ങളിലുള്ള ഗ്രന്ഥശാലകളിലൊക്കെ അഞ്ചോ, പത്തോ, ഇരുപതോ പുസ്തകങ്ങളാണ് വാങ്ങാൻ കഴിയുക. അതെല്ലാം തന്നെ രണ്ടു മൂന്ന് മാസം കൊണ്ട് വായിച്ചു കഴിയും. പിന്നീട് പുതിയ പുസ്തകങ്ങൾ അവർക്ക് കൊടുക്കാൻ കഴിയാത്തതുകൊണ്ട് വായനശാലാ പ്രവർത്തനങ്ങളോട് മടുപ്പാണ്. അവർക്ക് അഭിരുചിയുണ്ടാകുന്നില്ല. ഇതിനെല്ലാം അത് കാരണമായിത്തീരുന്നു. ഗ്രഡേഷൻ കമ്മിറ്റി പരിശോധിക്കുകയും അവർക്ക് ഗ്രാന്റ് വർദ്ധിപ്പിച്ചുകൊടുക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ 500 രൂപയൊക്കെ ഒരു ചെറിയ ഗ്രന്ഥശാലക്ക് ഗ്രാന്റ് കൊടുത്താൽ ഇന്ന് എത്ര പുസ്തകം വാങ്ങാൻ കഴിയും? 75% പുസ്തകം 25% മറ്റ് പ്രവർത്തനം. അങ്ങനെ വളരെ നിസ്വാർത്ഥൻമാരായ സേവകൻമാർ നടത്തുന്ന ഒരു പ്രസ്ഥാനമാണിത്. നൂറ് കണക്കിന് പ്രവർത്തകൻമാരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തിന്റെ ഫലമായാണ് ഈ ഗ്രന്ഥശാലാ പ്രസ്ഥാനം ഇവിടെ കെട്ടിപ്പടുത്തത്. അവർക്ക് ശമ്പളം കൊടുക്കുന്നില്ല. ഇപ്പോഴും നിങ്ങളും ലൈബ്രേറിയൻമാരുടെ അലവൻസിനെപ്പറ്റി പറയുന്നുണ്ടെങ്കിലും ഏതാനും ചിലർക്കുമാത്രമാണ് അലവൻസു നൽകുന്നത്. സാധാരണ ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്ന ലൈബ്രേറിയൻമാർക്ക് ഒരു അലവൻസുമില്ല. സംഭാവന പിരിച്ച് അവർ ഇതെല്ലാം നടത്തിക്കൊണ്ട് പോകുകയാണ്. സ്വന്തമായി കെട്ടിടങ്ങളും ഉണ്ടായിട്ടുണ്ട്. ആയിരക്കണക്കിന് പുസ്തകങ്ങളും വീടു വീടാന്തരം കയറിയിറങ്ങി ശേഖരിച്ചിട്ടുണ്ട്. നല്ല വാർഷിക പരിപാടികളും നടത്തി ആ പ്രദേശത്തുള്ള ജനങ്ങൾക്ക് അംഗീകരിക്കപ്പെടാവുന്ന, ഓർമ്മിക്കത്തക്ക പ്രവർത്തനങ്ങളും കാഴ്ചവയ്ക്കുന്ന ഗ്രന്ഥശാലകളാണ് നമ്മുടെ സംസ്ഥാനത്തിൽ ബഹുഭൂരിപക്ഷവുമുള്ളത്. അവരെയെല്ലാം നിരാശപ്പെടുത്തുന്ന ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. അവർക്ക് ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രോൽസാഹനം കൊടുക്കാനാവശ്യമായ ഒരു സംവിധാനവുമില്ല. ഈ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനത്തിന്റെ ഫലമായിട്ട്. അലവൻസ് അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കാൻ യാതൊരു നടപടിയുമില്ല. ഗ്രഡേഷൻ കമ്മിറ്റി പോയി പരിശോധിച്ചുവേണം ഇത്തരം കാര്യങ്ങളിൽ മാറ്റം വരുത്താൻ.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും ഉണ്ട്. വാടക കൊടുക്കാത്തതുകൊണ്ട്, കമ്മിറ്റിയുടെ പ്രവർത്തനമില്ലാത്തതുകൊണ്ട്, അതിൽ താൽപ്പര്യമില്ലാത്തതുകൊണ്ട് വാടകക്കെട്ടിടമുടമകൾ [7 p.m.] കെട്ടിടമൊഴിപ്പിക്കുന്നു. അങ്ങനെ ഒഴിപ്പിക്കപ്പെടുമ്പോൾ അത് നിലനിറുത്താനാവശ്യമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പുതിയ കെട്ടിടം നിർമ്മിക്കാൻ സ്ഥലമുള്ളവർക്ക് ഗ്രാന്റ് കൊടുക്കുന്നില്ല. നിരവധി കെട്ടിടങ്ങളും പകുതിജോലിയാക്കി ഇപ്പോഴും അങ്ങനെതന്നെ കിടക്കുന്നു. ഗവൺമെന്റിൽനിന്നും യാതൊരു ഗ്രാന്റും കൊടുക്കാത്തതുകൊണ്ടാണ്. വിദ്യാഭ്യാസരംഗത്തിന്റെ മറ്റൊരു പതിപ്പാണ് സാംസ്കാരിക കാര്യങ്ങൾക്കായിട്ടുള്ള ഗ്രന്ഥശാലാ പ്രസ്ഥാനം. ആ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ജനാധിപത്യസ്വഭാവമാകെ നശിപ്പിച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാരുടെ കൈകളിലേയ്ക്ക് എറിഞ്ഞുകൊടുത്തിരിക്കുകയാണ്. 'ഗ്രന്ഥശാലോകത്തെയും കേരള കോൺഗ്രസ്സിന്റെ ഒരു പ്രസിദ്ധീകരണമാക്കി മാറ്റാനാണോ ശ്രമിക്കുന്നത്? 'ഗ്രന്ഥശാലോകമെന്നു' പറഞ്ഞാൽ വളരെക്കാലമായി നമ്മുടെ സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്നതാണ്. വിദ്യാഭ്യാസവിദഗ്ദ്ധൻമാർ അവരുടെ വിവിധ മാർഗ്ഗങ്ങളിലുള്ള അനുവേങ്ങളും, വിവരങ്ങളും, അറിവുകളും ഇവയൊക്കെ ഗ്രന്ഥശാലാ പ്രവർത്തകർക്ക് പകർന്നുകൊടുക്കുന്നതാണ് ഈ പ്രസിദ്ധീകരണം. അതിൽ വിദ്യാഭ്യാസ മന്ത്രിയെന്നുള്ള നിലയ്ക്ക് ഒരു റിപ്പോർട്ടോ ലേഖനമോ എഴുതുന്നതുകൊണ്ട് വിരോധമില്ല.

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ ശ്രീ. സി. ടി. കൃഷ്ണൻ ഗ്രന്ഥാലോകം വായിക്കാറില്ലെന്നു തോന്നുന്നു. അത് കേരള കോൺഗ്രസ്സിന്റെ പ്രസിദ്ധീകരണമാക്കിയിട്ടില്ല. അതിനകത്ത് അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യൊന്നും എഴുതിയിട്ടില്ല. വേണമെങ്കിൽ അങ്ങേയ്ക്ക് അടുത്തകാലത്ത് ഇറങ്ങിയ എല്ലാ ഗ്രന്ഥാലോകത്തിന്റേയും കോപ്പികൾ എടുത്ത് കയ്യിൽ തരാം; അത് മുഴുവൻ വായിക്കാൻ കഴിയുമെങ്കിൽ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഗ്രന്ഥാലോകത്തിൽ പ്രവർത്തിക്കുന്ന ആളുകളാരൊക്കെയെന്ന് പറയാമോ?

ശ്രീ. ടി. എം. ജേക്കബ്: ഗ്രന്ഥാലോകത്തിന്റെ എഡിറ്ററായിട്ട് ശ്രീ. ജോർജ്ജ് ഓണക്കൂറിനെ വച്ചിട്ടുണ്ട്. അതിന്റെ കൺട്രോൾ ബോർഡാണ് സബ്കമ്മിറ്റി എടുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. ടി. കൃഷ്ണൻ: ഞാൻ ഇപ്പോഴും ഒരു വായനശാലയുടെ പ്രസിഡണ്ടാണ്. ഞാനിടയ്ക്കിടയ്ക്ക് അവിടെ പോകാറുണ്ട്; ഗ്രന്ഥാലോകം കാണാറുണ്ട്. വായിക്കാറുമുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ഇത് വായിക്കുന്ന അങ്ങ് ഇങ്ങനെ പറയുമെന്ന് തോന്നുന്നില്ല. ഒരിക്കലും അതൊരു ശരിയായ സംഗതിയല്ലെന്ന് എനിക്ക് ഉറപ്പു പറയാൻ കഴിയും.

ശ്രീ. സി. ടി. കൃഷ്ണൻ: ഇതെല്ലാം വീണ്ടും വായിക്കാം. അതിനൊരു വിരോധവുമില്ല. പക്ഷേ ഇപ്പോഴും ഭൂരിപക്ഷവും അതിൽ വരുന്ന ലേഖനങ്ങളൊക്കെ ആ വിധത്തിലുള്ളതാണ്.

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ബില്ലിനെക്കുറിച്ച് പറഞ്ഞു. ഒരു ബില്ല് ഇവിടെ വന്നാൽ എല്ലാവർക്കും പരിഹാരമാകുമോ? ജനാധിപത്യ സ്വഭാവമുള്ള ഒരു ബില്ല് ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്; അത് പാസ്സാക്കിയെടുത്താൽ ഇതിനെല്ലാവർക്കും പരിഹാരമാകുമോ? ഈ മന്ത്രിയുടെ കാലയളവിൽ—ജീവിതകാലത്ത് എന്നു ഞാൻ പറയുന്നില്ല—ഈ ഗ്രന്ഥശാലാബിൽ പാസ്സാകാൻ പോകുന്നില്ല. ഈ ബില്ല് പാസ്സായാൽ ഇവിടെ ഉണ്ടാകാൻ പോകുന്നത് ഈ പ്രസ്ഥാനം റവന്യൂ വകുപ്പിലേയ്ക്ക് ഏൽപ്പിച്ചുകൊടുക്കുകയാണ്. ഇതിന് ജില്ലാ ഉപദേശകബോർഡ്, സംസ്ഥാന ഉപദേശകബോർഡ്, താലൂക്ക് ഉപദേശകബോർഡ് എന്നിവയുണ്ട്. കളക്ടറാണ് ജില്ലാഉപദേശകബോർഡിന്റെ ചെയർമാൻ. താലൂക്ക് ഉപദേശക ബോർഡിന്റെ ചെയർമാൻ തഹസീൽദാരും സംസ്ഥാന ഉപദേശക ബോർഡിന്റെ ചെയർമാൻ വിദ്യാഭ്യാസവകുപ്പു മന്ത്രിയുമാണ്. ഈ ഗ്രന്ഥശാലാ പ്രസ്ഥാനത്തെ റവന്യൂവകുപ്പിന് ഏൽപ്പിച്ചു കൊടുക്കുന്ന തരത്തിലുള്ള ഒരു നിയമമാണ്. ഇപ്പോഴും ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സർക്കുലേറ്റ് ചെയ്തിട്ടുള്ളത്. ഇത് പാസ്സാകില്ല, ഇതൊരു ചാപിള്ളയാണ്. ഇത് പാസ്സാക്കിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിയില്ല, ഈ മന്ത്രിക്കും കഴിയില്ല. എങ്കിലും അതിനു രൂപകൽപ്പന ചെയ്തിട്ടുള്ള, ഇതിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളെടുത്തു പരിശോധിച്ചാൽ ഇന്ന് നിലവിലുള്ള കൺട്രോൾ ബോർഡിനേക്കാൾ, ജില്ലാ ഉപദേശകസമിതികളെ തനി ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചുകൊടുക്കുന്ന രീതിയിലുള്ള ഒരു ഭരണമാണ് കാണുന്നത്. റവന്യൂ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചുകൊണ്ട് ഈ സാംസ്കാരികപ്രസ്ഥാനത്തെ കൂടുതൽ അധഃപതിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ ബില്ല് പാസ്സായി വന്നാൽ ഉണ്ടാകാൻ പോകുന്നത്. ആദ്യത്തെ കമ്മിറ്റിയെക്കുറിച്ച് അതിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബ്ലോക്ക് ഉപദേശകസമിതികളും ഇല്ലാതാക്കി. ഇപ്പോൾ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി അഞ്ച് ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർക്ക് വിട്ടുകൊടുത്തിട്ട് ഏകസിക്യൂട്ടീവ് കമ്മിറ്റി സംഘടിപ്പിക്കാതെ, ജനറൽ കൗൺസിൽ സംഘടിപ്പിക്കാതെയിരിക്കുകയാണ്. ആ കൂട്ടത്തിൽ ഇതുംകൂടി ഉദ്യോഗസ്ഥൻമാർക്ക് വിട്ടുകൊടുത്തിട്ട് അവരാണ് വിശ്വസ്തർ എന്നു തെളിയിക്കുന്നതിന് ഉദാഹരണമായിട്ടാണോ?

ശ്രീ. സി. ടി. കൃഷ്ണൻ: ജനാധിപത്യബോധത്തിൽ യാതൊരു വിശ്വാസവുമില്ലാതെ ഉദ്യോഗസ്ഥൻമാരെ ഭരണമേൽപ്പിക്കുന്ന ഒരു നടപടിക്രമമാണ് സിൻഡിക്കേറ്റ്, സെനറ്റ് മുതലായവ സസ്പെൻഡു ചെയ്യൽ, പ്രീഡിഗ്രി ബോർഡ്, വിദ്യാഭ്യാസമേഖലയിൽ സ്കൂൾ അനുവദിക്കൽ, പാഠപുസ്തകങ്ങൾ നിശ്ചയിക്കൽ, അതിന് വില വർദ്ധിപ്പിക്കൽ അംഗീകരിച്ച സ്കൂളുകൾ അനുവദിച്ചുകൊടുക്കൽ തുടങ്ങി ഈ വിദ്യാഭ്യാസ മന്ത്രിയുടെ ഏത് പ്രവർത്തനത്തെക്കുറിച്ച് പരിശോധിച്ചാലും ജനാധിപത്യ പങ്കാളിത്തം നിഷേധിക്കുകയും ജനാധിപത്യ സ്വഭാവം നശിപ്പിക്കുകയും ചെയ്തുകൊണ്ട് ഏകാധിപത്യത്തിലേയ്ക്കും ഉദ്യോഗസ്ഥ മേധാവിത്വത്തിലേയ്ക്കും ഈ ഭരണസംവിധാനത്തെ ഏൽപ്പിച്ചുകൊടുക്കുന്ന ഒരു നടപടിയാണ് കാണാൻ കഴിയുന്നത്. ഇതിൽ പറഞ്ഞിരിക്കുന്നത് നോമിനേറ്റഡ് ബോഡികളാണെന്നാണ്. ഇതിൽ ജനാധിപത്യസ്വഭാവം എങ്ങനെ വരും? ആദ്യത്തെ മൂന്നുകൊല്ലം എല്ലാം പ്രതിനിധികളെയും ഗവൺമെന്റ് നോമിനേറ്റ് ചെയ്യുമെന്ന് നിങ്ങൾ തന്ന ബില്ലിലുണ്ട്. എന്നാൽ ആദ്യത്തെ ബോർഡിനെ സംബന്ധിച്ചിടത്തോളം എട്ടു പേരെയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഇത് ജില്ല, താലൂക്ക്, സംസ്ഥാന ഉപദേശകസമിതികളിലും കൂടിയാണ്.

ശ്രീ. ടി. എം. ജേക്കബ്: സാധാരണഗതിയിൽ ഇതിന്റെ കാലാവധി എത്രവേണമെങ്കിലും നമുക്ക് നിശ്ചയിക്കാം. തുടക്കമെന്നുള്ള നിലയിൽ നോമിനേഷനാണ് പതിവ്. അങ്ങനെയുള്ള കീഴ്വഴക്കങ്ങളാണ് നമ്മൾ ഉണ്ടാക്കിയിട്ടുള്ളത്. ജില്ലയിൽ കളക്ടർ ചെയർമാൻ, താലൂക്കിൽ തഹസീൽദാർ ചെയർമാൻ എന്നൊക്കെ പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് വാസ്തവത്തിൽ എല്ലാവർക്കും അഭിപ്രായവ്യത്യാസമുണ്ടായതാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു നിർബന്ധവുമില്ല. അത് മാറ്റി ഇലക്ടഡ് മെമ്പേഴ്സിനെ ആക്കാം. അതൊരു തുറന്ന സമീപനമായിരിക്കുമെന്ന് ഞാൻതന്നെപറഞ്ഞിട്ടുള്ളതാണ്. ഇക്കാര്യത്തിൽ യാതൊരു പിടിവാശിയും ഗവൺമെന്റിനില്ല. ഏത് നിലയിൽ ഭേദഗതി ചെയ്തും അതിന്റെ ജനാധിപത്യ സ്വഭാവം നിലനിറുത്തിക്കൊണ്ട് ഈ ബില്ല് പാസ്സാക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: ഇതിൽ നിലവിലുണ്ടായിരുന്ന ഒരു ജനാധിപത്യ സ്വഭാവമുണ്ട്. പ്രാദേശിക ഗ്രന്ഥശാലകളിലെ മെമ്പർമാർ എല്ലാവരും യോഗം കൂടി ഒരു കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നു. ആ കമ്മിറ്റിയുടെ പ്രതിനിധികൾ താലൂക്കടിസ്ഥാനത്തിൽ യോഗങ്ങൾ നടത്തി താലൂക്ക് ഗ്രന്ഥശാലാ യൂണിറ്റ് തെരഞ്ഞെടുക്കുന്നു. താലൂക്ക് യൂണിറ്റുകൾ ജനറൽ ബോഡിയോഗം നടത്തി ജില്ലാസംഘത്തിന്റെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. ആ ഗ്രന്ഥശാലാസംഘങ്ങൾ സംസ്ഥാന പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. പ്രാദേശിക ഗ്രന്ഥശാലകൾ,

LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് യൂണിയനുകളും, ജില്ലായൂണിയനുകളും സംസ്ഥാന ഗ്രന്ഥശാലാ യൂണിയൻ അങ്ങനെ പ്രാദേശികം തൊട്ട് സംസ്ഥാനതലം വരെയുള്ള മെമ്പർമാർ തെരഞ്ഞെടുക്കുന്നവർക്ക് പ്രാതിനിധ്യമുള്ള, അവർക്ക് ഭൂരിപക്ഷപ്രകാരമുള്ള ഒരു ഗ്രന്ഥശാലാകമ്മിറ്റിയാണ് ഇവിടെ പ്രവർത്തിച്ചത്. ബഹുമാനപ്പെട്ട സിവിലസപ്ലൈസ് വകുപ്പുമന്ത്രിക്ക് അറിയാം, അദ്ദേഹം വളരെക്കാലം ആ രംഗത്തെ ഗ്രഡേഷൻ കമ്മിറ്റി മെമ്പറൊക്കെയായിരുന്ന ആളാണ്. അങ്ങനെയാണല്ലോ ഇവിടെ ഗ്രന്ഥശാലാപ്രസ്ഥാനം കൈകാര്യം ചെയ്തുകൊണ്ടിരുന്നത്. അല്ലാതെ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിലാണോ? ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്ത ഒരാളെ ഗ്രന്ഥശാലയിൽ കയറിവന്നിട്ട് രേണം നടത്തുന്ന സംവിധാനമൊക്കെ മാറ്റിയെഴുതണം. ഇത് നിയമമായിക്കഴിഞ്ഞാൽ വളരെ അപകടകരമാണ്.

ഈ നിയമം ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ കഴുത്തിൽ കോടാലി വയ്ക്കുന്ന ഒരു നിയമമാണ്. താലൂക്കിൽ തഹസീൽദാർ ചെയർമാൻ, ജില്ലയിൽ കളക്ടർ ചെയർമാൻ, ഇവിടെ മന്ത്രി ചെയർമാൻ. ഗ്രന്ഥശാലയിലുള്ളവർ അതിൽ ഭൂരിപക്ഷാഹികം ആകണം. ആരോ ആകട്ടെ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരോ ആകട്ടെ, ഇവിടെ നിരവധികാലം ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ പ്രവർത്തിച്ചവർ ഒരു രാഷ്ട്രീയത്തിന്റെയും കീഴിലല്ല. ഒരു രാഷ്ട്രീയ പാർട്ടിയുടേയും മേധാവിത്വത്തിലല്ല. വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഈ മേഖലയുമായി ബന്ധമുള്ള, ഈ മേഖലയിൽ അറിവുള്ള, ഇതിൽ പ്രവർത്തിച്ച് പാരമ്പര്യമുള്ള ആളുകളാണ് ഗ്രന്ഥശാലാസംഘങ്ങൾ പ്രവർത്തിപ്പിച്ചിട്ടുള്ളത് ആ സമ്പ്രദായം കൊണ്ടുവരാൻ നിങ്ങൾക്ക് മനഃപ്രയാസം കാണും. ജനകീയ പങ്കാളിത്വത്തിലും ജനകീയസ്വഭാവത്തിലും നിങ്ങൾക്ക് താൽപ്പര്യമില്ലാത്തതുകൊണ്ടും വിശ്വാസമില്ലാത്തതുകൊണ്ടുമാണിത്. താലൂക്ക് സെമിനാർ, ജില്ലാ സെമിനാർ ഇതൊക്കെ നടക്കുന്നു. ഇതെല്ലാം ആരാണ് നടത്തുന്നത്? ഏതെങ്കിലും ഗ്രന്ഥശാലകളിലെ പ്രതിനിധികളെ അറിയിച്ചുകൊണ്ടാണോ? അല്ലെങ്കിൽ അവർക്കുകൂടി അഭിപ്രായം പറയുന്നതിനുള്ള അവസരം നൽകിക്കൊണ്ടാണോ? ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഒരു ക്ഷണക്കത്ത് അച്ചടിച്ച് ഇറക്കും—'വിദ്യാഭ്യാസമന്ത്രി ഉദ്ഘാടനം'. അതുപോലെ വേറെ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരുവച്ച് അദ്ധ്യക്ഷൻ എന്നു പറഞ്ഞ് ജില്ലാടിസ്ഥാനത്തിലും താലൂക്ക് അടിസ്ഥാനത്തിലും സെമിനാർ നടത്തുന്നു. ഗ്രന്ഥശാലാ പ്രവർത്തനവുമായി ബന്ധമുള്ള ആരെങ്കിലും വേണ്ടേ? അതിന് എന്തെങ്കിലും ഒരു സംവിധാനം. ഇന്ന് നിങ്ങൾക്ക് ഉണ്ടോ? ഒരു സംവിധാനവുമില്ല. അതുകൊണ്ട് നാലായിരത്തിലധികം വരുന്ന നമ്മുടെ കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ എന്തുവേണമെങ്കിലും നടക്കും. പ്രത്യേകിച്ച് നാട്ടിൻപുറങ്ങളിലെ പിന്നോക്കപ്രദേശങ്ങൾ വിദ്യാഭ്യാസപരമായി വളരെയധികം പിന്നിലാണ്. അങ്ങനെ വിദ്യാഭ്യാസപരമായി പിന്നിൽ നിൽക്കുന്ന ആളുകൾക്ക് അവിടെ പോയിരുന്നാൽ പത്രങ്ങൾ വായിക്കാൻ കഴിയും. ഇന്നു പത്രങ്ങൾ കാശുകൊടുത്ത് വാങ്ങാൻ കഴിയുകയില്ല. അതുപോലെ പുസ്തകങ്ങൾ വിലകൊടുത്ത് വാങ്ങാൻ കഴിയുകയില്ല. പലരുടേയും ചരിത്രം വായനശാലകളിലുണ്ട്. ഇൻഡ്യാരാജ്യത്തെപ്പറ്റിയും ലോകത്തെപ്പറ്റിയും സോഷ്യലിസത്തെപ്പറ്റിയും കമ്മ്യൂണിസത്തെപ്പറ്റിയും ഗാന്ധിയിസത്തെപ്പറ്റിയുമൊക്കെ അറിയാൻ "സാധാരണക്കാരന്" സൗകര്യമുള്ള, സന്ദർശനമുള്ള ഒരു സ്ഥാപനമാണ് ഈ ഗ്രാമീണഗ്രന്ഥശാലകൾ. ഒരു പത്രം വരുത്താൻ സാധാരണക്കാർക്ക് കഴിയുകയില്ല. വായനശാലയി

LIBRARY ARCHIVES Kerala Legislative Assembly

ലാണെങ്കിൽ രണ്ടോ മൂന്നോ പത്രങ്ങൾ വരും, വാരികകൾ, മാസികകൾ ഇവയെല്ലാം വരും. വിദ്യാഭ്യാസമേഖലയിൽ വിജ്ഞാനം പകരുന്ന വളരെയധികം അറിവ് വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാംസ്കാരികകേന്ദ്രത്തെ ഇന്ന് തിരിഞ്ഞു നോക്കാതെ മാറാല പിടിപ്പിക്കുന്ന ഒരു സ്ഥിതിയിലാണ് ഈ കൺട്രോൾ ബോർഡിന്റെ ഭരണവും ഉപദേശക ബോർഡിന്റെ ഭരണവും കൊണ്ടുചെന്ന് എത്തിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതിന് അടിയന്തിരമായ മാറ്റം വരുത്തണം.

സർ, വിദ്യാഭ്യാസവകുപ്പുമന്ത്രി എന്തുപറഞ്ഞാലും ജനങ്ങൾക്ക് ആവശ്യമില്ലത്തതാണ് പറയുന്നത്. അതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ആദിശേഷയ്യാകമ്മീഷൻ റിപ്പോർട്ടിനെപ്പറ്റിയാണ് പറയുന്നത് അത് വിദ്യാഭ്യാസരംഗത്ത് മഹത്തരമാണ്, മനോജ്ഞമാണ്, അതുകൊണ്ട് കമ്മീഷൻ ശുപാർശകൾ നടപ്പാക്കാൻ പോകുന്നു എന്നാണ്. ഇതെല്ലാം വിദ്യാഭ്യാസരംഗത്തുനിന്ന് സാധാരണക്കാരുടെ മക്കളെ പിന്തിരിപ്പിക്കുന്ന ഒരു സ്ഥിതിയാണ്. ആ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 50 ശതമാനം മാർക്കുവേണം, നിരവധി പ്രാവശ്യം പരീക്ഷനടത്തണം, മണ്ടൻ പരീക്ഷയുംപ്പെടെ എന്നൊക്കെയാണ്. അങ്ങനെ, സ്കൂളുകളിൽ പോകാൻ കഴിയാത്തവർ അടക്കമുള്ള സാധാരണക്കാർ ഈ ഗ്രന്ഥശാലകളിലേക്ക് തിരിഞ്ഞുവരുന്ന ഒരു സ്ഥിതി ഉണ്ടായിരിക്കുകയാണ്. അവർ അതിന്റെ പ്രവർത്തകൻമാരായി മാറിക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണ് ഗ്രന്ഥശാലാപ്രസ്ഥാനത്തോടും സാംസ്കാരിക രംഗത്തോടും ഒരു വിമുഖത കാണിക്കുന്നത്. അതുകൊണ്ട് തീർച്ചയായും കൺട്രോൾ ബോർഡിന്റെ പ്രവർത്തനം 10 കൊല്ലം എന്ന് ദീർഘിപ്പിക്കുന്നത് ശരിയല്ല, അതിന്റെ ആവശ്യമില്ല. ഈ നിയമസഭ പിരിഞ്ഞാൽ പിന്നെ തെരഞ്ഞെടുപ്പാണെന്നാണ് ഇവിടെ പലരും പറയുന്നത്. ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലാ നിയമം ഏത് വിധത്തിൽ പാസ്സാക്കിയെടുക്കുമെന്ന് പറയാൻ കഴിയുകയില്ല. അതുകൊണ്ടാണ് 5 കൊല്ലമെന്നത് 10 കൊല്ലമാക്കിയത്. തീർച്ചയായും ജനാധിപത്യ സ്വഭാവം പുനഃസ്ഥാപിച്ചുകൊണ്ട് ഗ്രന്ഥശാലാ പ്രസ്ഥാനത്തെയും സാംസ്കാരിക പ്രസ്ഥാനത്തെയും നല്ല നിലയ്ക്ക് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഒരു സംവിധാനം ഉണ്ടാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാനീ ബില്ലിനെ ശക്തിയായി എതിർക്കുകയാണ്. ഈ ബില്ലിന്റെ അവതരണത്തെ എതിർക്കുന്നതുതന്നെ ഒരു പ്രത്യേക കാരണത്താലാണ്. ലെജിസ്ലേറ്റീവ് കോംപിറ്റൻസിന്റെ അധികാരപരിധിയിൽ ഈ നിയമം വരുന്നില്ല. അതിനുള്ള കാരണം പറയാം. നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡർ 69–ാം വകുപ്പ് അനുസരിച്ച് അവതരിപ്പിക്കപ്പെടുന്ന ബില്ലുകൾ, ലെജിസ്ലേറ്റീവ് കോമ്പിറ്റൻസ് ഉള്ളവയല്ലെങ്കിൽ ഒബ്ജക്ട് ചെയ്യാൻ ഈ സഭയിലുള്ള ഏതൊരു മെമ്പർക്കും അവകാശമുണ്ട്. ആ അവകാശം വിനിയോഗിച്ചാണ് ഞാൻ നേരത്തേ ഇവിടെ ലെജിസ്ലേറ്റീവ് കോമ്പിറ്റൻസിനെ ചോദ്യം ചെയ്തത്. ഈ നിയമത്തെ ഞാൻ എതിർക്കാനുള്ള മുഖ്യമായ കാരണം ഞാൻ പറയാം. ഭരണഘടനയുടെ ആർട്ടിക്കിൾ 213 അനുസരിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് മനസ്സിലാക്കാം. ഒന്നിലധികം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിന്റെ ഔചിത്യത്തെ ചോദ്യം ചെയ്തു

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഈ അടുത്തകാലത്ത് അലഹബാദ് ഹൈക്കോടതിയുടെ ലക്നൗ ബഞ്ച് പുറപ്പെടുവിച്ച ഒരു റൂളിംഗിന്റെ സൈക്ലോസ്റ്റൈൽ ചെയ്ത കോപ്പി ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം അംഗങ്ങൾക്ക് വിതരണം ചെയ്തിരുന്നു. ഈ സഭയുടെ തുടക്കത്തിൽതന്നെ ആ റൂളിംഗിന്റെ കാര്യം, ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നതാണ്. അതിനുശേഷം സ്പീക്കറുടെ റൂളിംഗിന്റെ പകർപ്പ് ഈ സഭയിൽ വിതരണം ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ തീരുമാനം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒന്നിലധികം തവണ ഒരേ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് 'abuse of article 213 of the Constitution' എന്ന് വ്യക്തമായി റൂൾ ചെയ്തിട്ടുണ്ട്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ നിയമത്തിന്റെ.....

ശ്രീ. മണിമംഗലത്തുകുട്ട്യാലി: സർ, കോടതി പിരിഞ്ഞതിനു ശേഷം നിയമം പറയുന്നതുപോലെയല്ലേ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ ഓബ്ജക്ട്സ് ആൻറ് റീസൺസ് പരിശോധിച്ചാൽ 1977-ൽ നിലവിൽ വന്ന നിയമത്തിന്റെ കാലാവധി 1982 ഏപ്രിൽ 21-ാം തീയതി വരെയാണ് ഉണ്ടായിരുന്നത്. അങ്ങനെ ഏപ്രിൽ 21-ാം തീയതി, നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ കാലാവധി അവസാനിച്ചു. 1982 ഏപ്രിൽ മാസം 21-ാം തീയതിക്കുശേഷം ഈ ഓർഡിനൻസ് 8 തവണ പ്രഖ്യാപിച്ചിട്ടുണ്ട്. ഒന്ന് 1984-ൽ 16-ാം ഓർഡിനൻസായി ആദ്യം പുറപ്പെടുവിച്ചു. അതിനുമുമ്പ് രണ്ടുതവണ പുറപ്പെടുവിച്ചു. അതിനും പുറമേ 1984-ൽ ഓർഡിനൻസ് 37 ആയി വീണ്ടും പ്രഖ്യാപിച്ചു. അതിനുശേഷം ഓർഡിനൻസ് 56 ആയി 1984-ൽ വീണ്ടും പ്രഖ്യാപിച്ചു. അതിനുശേഷം 1984-ൽ 97-ാം ഓർഡിനൻസ് ആയി വീണ്ടും പ്രഖ്യാപിച്ചു. അതിനുശേഷം 1985-ൽ 19-ാം ഓർഡിനൻസായി വീണ്ടും പ്രഖ്യാപിച്ചു. അതിനുശേഷം 1985-ൽ 67-ാം ഓർഡിനൻസ് ആയി വീണ്ടും പ്രഖ്യാപിച്ചു. അതിനുശേഷം 1985-ൽ 92-ാം ഓർഡിനൻസായി വീണ്ടും പ്രഖ്യാപിച്ചു. ഇങ്ങനെ ഒരു ചരിത്രം ഇൻഡ്യയുടെ പാർലമെൻററി ജനാധിപത്യ വ്യവസ്ഥയിൽ കേട്ടുകേൾവി പോലുമില്ല. ഒരേ ഓർഡിനൻസ് തന്നെ 8 തവണ റീ-ഇഷ്യു ചെയ്യുന്ന പരിതാപകരമായ ഒരു സ്ഥിതിവിശേഷം ഈ കേരള സംസ്ഥാനത്ത് ഉണ്ടെന്ന് പറഞ്ഞാൽ അതിൽ കൂടുതൽ ലജ്ജാകരമായ ഒരു സ്ഥിതിവിശേഷം എന്താണ് ഇന്ന് രാജ്യത്ത് നിലവിലുള്ളത്? അതാണ് ലെജിസ്ലേറ്റീവ് കോമ്പിറ്റൻസിനെ ഞാൻ ചോദ്യം ചെയ്തത്. ലെജിസ്ലേറ്റീവ് കോമ്പിറ്റൻസ് ഇല്ലാതെ നമുക്ക് ഇത് ചർച്ചചെയ്യാം. വാസ്തവത്തിൽ ഈ ബില്ല് സ്വയമേവ അസാധുവാണ്. ഓർഡിനൻസും അസാധുവാണ്. ഈ 31-ാം തീയതിക്കുശേഷം ഒരു നിമിഷം നമുക്ക് ഇവിടെ കൂടിയിരിക്കാൻ സാദ്ധ്യമല്ല. എന്തുകൊണ്ട്? 31-ാം തീയതി നമ്മെ പിരിഞ്ഞ്, 31-ാം തീയതി അർദ്ധരാത്രി നിശയുടെ നടുവിൽ ഈ നിയമസഭ പ്രൊറോഗ് ചെയ്തില്ലെങ്കിൽ, ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ പല ഓർഡിനൻസിന്റെയും കഥ കഴിയും; ഗവൺമെൻറ് കൂട്ടിൽ വീഴുകയും ചെയ്യും. അതാണ് ഈ സംസ്ഥാനത്തെ സ്ഥിതി. ഒരു നിയമസഭാ സമ്മേളനം പോലും കൂടാൻ കഴിയാത്ത വിധത്തിൽ അങ്ങനെ ഓർഡിനൻസുകളുടെ ഒരു ശൃംഖലതന്നെ സൃഷ്ടിച്ചിരിക്കുകയാണ്. നിയമപ്രകാരം 42 ദിവസം കഴിയുമ്പോൾ ഓർഡിനൻസിന്റെ കാലാവധി കഴിയുമെന്നുള്ളതുകൊണ്ട് നമ്മുടെ നിയമസഭ 31-ാം തീയതി കഴിഞ്ഞ് കൂടാൻ സാധിക്കുകയില്ല. പ്രൊറോഗ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം. ഈ ബില്ലുകൾ പാസ്സാക്കണമെന്നുണ്ടെങ്കിൽ നമുക്ക് നിയമസഭ പ്രൊറോഗ് ചെയ്യാതെ തന്നെ കൂടാമായിരുന്നു. സ്പീക്കറായ അങ്ങ് പറഞ്ഞാൽ മതി 31—ാം തീയതി നിയമസഭ പിരിയുന്നതും പിന്നെ ആഗസ്റ്റ് മാസത്തിലോ സെപ്റ്റംബർ മാസത്തിലോ കൂടുന്നതാണെന്നും അത് പറയാൻ അങ്ങേയ്ക്ക് കഴിയുകയില്ല.

മി. ചെയർമാൻ: അങ്ങ് ഈ ബില്ലിലേക്ക് വരൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബില്ലിനെക്കുറിച്ചാണ് പറയുന്നത്. ഇത്രയും ജനാധിപത്യ വിരുദ്ധമായ ഒരു നടപടിക്രമം ഈ ഗവൺമെന്റ് ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നു എന്നുള്ളത് ചൂണ്ടിക്കാണിക്കുവാൻ ആണ് ഞാൻ ഇത് പറയുന്നത്. 1977—ൽ പാസ്സാക്കിയ നിയമത്തിന്റെ അൽപ്പം ചരിത്രം പറയാം; അങ്ങേയ്ക്ക് കൂടി വേദനയുണ്ടാക്കുന്ന ഒരു ചരിത്രം. 1977 ആഗസ്റ്റ് മാസം 3—ാം തീയതിയാണ് ഈ സഭ ഈ ആക്ട് പാസ്സാക്കുന്നതിനുള്ള ബില്ല് അവതരിപ്പിച്ച് ചർച്ച ആരംഭിച്ചിട്ടുള്ളത്. അന്ന് ചർച്ച ഉപസംഹരിച്ചു. അതുകൊണ്ട് അന്നത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരുന്ന യശശ്ശരീരനായ ബഹുമാന്യനായ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഈ സഭയിൽ നടത്തിയ ഒരു പ്രസംഗത്തിന്റെ ഭാഗം ഞാൻ വായിക്കാം. അങ്ങുകൂടി കേൾക്കാൻവേണ്ടി വായിക്കാം. അങ്ങയുടെ നേതാവായ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ, ഈ രാജ്യത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. മുഹമ്മദ് കോയ, ഡെപ്യൂട്ടി മുഖ്യമന്ത്രിയായിരുന്ന അദ്ദേഹം അന്ന് ഈ നിയമസഭാവേദിയിൽ ഒരു ഉറപ്പു നൽകിയിരുന്നു. നൽകിയത് 1977 ആഗസ്റ്റ് മാസം 3—ാം തീയതിയായിരുന്നു.

അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ ബഹുമാനപുരസ്സരം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ''ഈ രീതിയിലുള്ള ഒരു ബില്ല് ഇപ്പോൾ തയ്യാറാക്കി അതിന് ഫൈനാൻഷ്യൽ മെമ്മോറാണ്ടം ശരിപ്പെടുത്താൻ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന് അയച്ചിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം ഈ ബില്ലിന്റെ കോപ്പി അംഗങ്ങൾക്ക് അയച്ചു കൊടുക്കുന്നതാണ്. അംഗങ്ങൾ സഹകരിക്കുകയാണെങ്കിൽ ഗ്രന്ഥശാലാ ബിൽ ഈ സെഷനിൽത്തന്നെ പാസാക്കാൻ കഴിയും. അല്ലെങ്കിൽ അടുത്ത സെഷനിൽ എന്തായാലും ഇത് പാസാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. അങ്ങനെ ഒരു ഉറപ്പ് സഭയ്ക്ക് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.'' ശ്രീ. സി. എച്ച്. മുഹമ്മദ് കോയ ഈ സഭ മുമ്പാകെ നൽകിയ ഉറപ്പാണ് അത്. അത് കുറുപ്പിന്റെ ഉറപ്പുപോലെ ആകുമോ? ബഹുമാന്യനായ സി. എച്ച്. മുഹമ്മദ്കോയ സുമാർ 9 വർഷം മുമ്പ് ഈ നിയമസഭാവേദിയിൽ നിന്നുകൊണ്ട് ഈ സഭയ്ക്ക് ഒരു ഉറപ്പ് നൽകി. ഗ്രന്ഥശാലാ നിയമം ഈ സെഷനിൽത്തന്നെ പാസ്സാക്കി നടപ്പിൽ വരുത്തും എന്ന്. കൊല്ലം ഒൻപത് കഴിഞ്ഞു. അന്ന് അദ്ദേഹം സഖാവ് ചന്ദ്രശേഖരനെ നോക്കിപ്പറഞ്ഞു, കരമനയാറിലെ വെള്ളം ഒരുപാട് ഒഴുകിപ്പോയിയെന്ന്. ഇന്ന് ഞാൻ ശ്രീ. ടി. എം. ജേക്കബിനെ നോക്കിപ്പറയുകയാണ്, കരമനയാറിൽ വീണ്ടും വെള്ളം ഒരുപാട് ഒഴുകി. സി. എച്ച്. മുഹമ്മദുകോയയുടെ വാക്കുകൾ ഞാൻ കടമെടുക്കുന്നു. കരമനയാറിലെ വെള്ളം ഒഴുകി. സി. എച്ച്. മുഹമ്മദ്കോയ ഇന്ന് നമ്മുടെകൂടെയില്ല. പക്ഷേ നമ്മുടെ ഒരു വിദ്യാഭ്യാസ മന്ത്രി ഉണ്ടല്ലോ നമ്മുടെ ശ്രീ. ടി. എം. ജേക്കബ്! ആ ടി. എം. ജേക്കബിനോട് ഞാൻ പറയുകയാണ്, നിങ്ങൾ ദയവുചെയ്ത് ഈ സഭയ്ക്ക് ഒരു ഉറപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നൽകരുത്. നിങ്ങളും ഇനിയും ജീവിച്ചിരിക്കേണ്ട ആളാണ്. സി.എച്ച്. മുഹമ്മദ് കോയയോട് ചോദിക്കുവാൻ നിവൃത്തിയില്ലല്ലോ? അതുകൊണ്ട് ആണ് ഞാൻ പറയുന്നത്, ഈ രാജ്യത്ത് സാംസ്കാരിക രംഗത്ത് ഗവൺമെന്റിന്റെ കയ്യേറ്റമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇതിന്റെ പ്രിൻസിപ്പിൾ എന്താണ്? ദീപത്തിനു ചുറ്റും കറങ്ങുന്ന വണ്ടിന്റെ പ്രതീതിയാണ് ഈ ഗവൺമെന്റ് ഉണ്ടാക്കുന്നത്. ജനാധിപത്യം എന്നു പറയുന്ന ദീപശിഖയെ കെടുത്താനുള്ള ശ്രമത്തിലാണ് ഈ വണ്ട്. ഗവൺമെന്റാകുന്ന ഈ കുരുട്ടുവണ്ട് ജനാധിപത്യ സ്ഥാപനങ്ങളായ പഞ്ചായത്തിനെ വക വരുത്തി; മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും വക വരുത്തി. ഈ രാജ്യത്തെ മൽസ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളെയെല്ലാം വകവരുത്തി. ഉന്നത നിലവാരത്തിൽ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകളെയെല്ലാം വകവരുത്തി. അങ്ങനെ, ജനാധിപത്യപരമായ എന്തെല്ലാം ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നോ അതെല്ലാം വകവരുത്തി. ഒരു വണ്ടാണ് ഈ ഗവൺമെന്റ്. ഈ വണ്ട് അവസാനം നശിക്കും. ഈ വണ്ടിന്റെ, ജനാധിപത്യം നശിപ്പിച്ചുകൊണ്ടിരിക്കുന്ന വിക്രിയകളിൽ ഒന്നാണ് അഞ്ചുകൊല്ലത്തേക്കുവേണ്ടിയുള്ള ഈ നീട്ടൽ. സുന്ദരംസ്വാമി കൊണ്ടുവരുന്നത് 12 കൊല്ലമാണ്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കാലാവധി കഴിഞ്ഞില്ലേ? അങ്ങനെ ഈ സംസ്ഥാനത്ത് ഏതെല്ലാം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുണ്ടോ അവ ഓരോന്നായി കൈവച്ച് അവസാനം ജനാധിപത്യത്തെയും കൈവച്ച് സ്വേച്ഛാധിപത്യം നിലനിർത്താൻ വേണ്ടിയാണ് 'ഐക്യ'മെന്നും 'ജനാധിപത്യ'മെന്നും പറയുന്ന ഈ കശ്മലൻമാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ നിയമം എന്തു കാരണത്താലാണ് നീട്ടിക്കൊണ്ടു പോകുന്നത്? അതിനുവേണ്ടി ഒരു കരടുരേഖ തയ്യാറാക്കി, ഈ സഭ വിളിച്ചുകൂട്ടിയ ശേഷം നമ്മുടെ നാട്ടിൽ ഗ്രന്ഥശാലാപ്രവർത്തനം നിയന്ത്രിക്കുന്നതിനും ജനാധിപത്യവൽക്കരിക്കുന്നതിനും വേണ്ടിയുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള മുന്നോടിയെന്ന നിലയിൽ ആ ഗ്രാമീണ ഗ്രന്ഥശാലാ നിയമം ഈ സംസ്ഥാനത്ത് ജനങ്ങളുടെ മുമ്പിൽ വച്ചു. ഞങ്ങൾ എല്ലാം അതിനെക്കുറിച്ച് ചർച്ച ചെയ്തു. എന്തുകൊണ്ട് അത് ഇതുവരെ പാസ്സാക്കാൻ കഴിഞ്ഞില്ല? അത് ഞങ്ങളുടെ കുറ്റം കൊണ്ടാണോ? പ്രതിപക്ഷം സഹകരിക്കാഞ്ഞിട്ടല്ലല്ലോ? ഈ നിയമനിർമ്മാണ പരിപാടിയോട് ആത്മാർത്ഥമായി സഹകരിക്കുവാൻ പ്രതിപക്ഷം ഏതു സന്ദർഭത്തിലും ഏതു വ്യവസ്ഥയിലും തയ്യാറാണ്. ജനാധിപത്യം നിലനിർത്താൻ ഈ രാജ്യത്തുള്ള സാംസ്കാരിക ജനാധിപത്യ പ്രവർത്തനങ്ങളെ പൂർത്തീകരിക്കുവാൻ ഈ രാജ്യത്തെ ഗവൺമെന്റിനോട് ഞങ്ങൾ ആവശ്യപ്പെടുകയാണ്. എന്തുകൊണ്ട് നിങ്ങൾക്ക് ഗ്രന്ഥശാലാ നിയമം ഈ സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് പാസ്സാക്കി നിയമമാക്കിക്കൂടാ? നമ്മുടെ ഗ്രാമ പ്രദേശങ്ങളിലെ വിജ്ഞാന കേന്ദ്രങ്ങളാണ് വായനശാലകളും തികച്ചും അടിമുടി ജനാധിപത്യപരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളാണ് ഗ്രാമപ്രദേശങ്ങളിൽ വായനശാലകൾ. ഈ വായനശാലകൾ, ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത ജനാധിപത്യപരമായ ഒരു സംവിധാനം ഈ സംസ്ഥാനത്ത് നിലനിർത്തിയിരുന്നു. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഗ്രന്ഥശാലാ സംഘത്തിന് ഉത്തമമായ ഒരു പാരമ്പര്യമുണ്ടായിരുന്നു. അങ്ങനെ അടിമുടി ജനാധിപത്യപരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഗ്രാമീണ വായനശാലകൾ തുടങ്ങി, താലൂക്ക് സംഘങ്ങൾ, ജില്ലാ സംഘങ്ങൾ, സംസ്ഥാന സംഘങ്ങൾ എന്നീ നിലവാരത്തിലേക്ക് പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. പനമ്പിള്ളി ഗോവിന്ദമേനോനെപ്പോലെയുള്ള ആളുകൾ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വരാണ്. അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ ഈ കടുംകൈ ചെയ്യുകയില്ലായിരുന്നു: പക്ഷേ ഈ ഗവൺമെൻറ് ഇപ്പോഴും അഞ്ചു കൊല്ലത്തേക്കു കൂടി നീട്ടുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഗ്രാമ പ്രദേശങ്ങളിലെ വായനശാലകൾ എന്നു പറയുന്നത് പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം ഒരു അനുഗ്രഹമാണ്. ഗ്രാമപ്രദേശങ്ങളിൽ രാവിലെ ആളുകൾ വീട്ടിൽ നിന്ന് പുറത്തിറങ്ങിയാൽ കാപ്പികുടി കഴിഞ്ഞ് നേരെ അടുത്തുള്ള വായനശാലയിലേക്ക് പോകും. അവിടെ ചെന്ന് പത്രപാരായണം നടത്തുക നമ്മുടെ നാടിൻപുറത്തുള്ള അറിയപ്പെടുന്ന ഒരു ദിനചര്യയാണ്. അങ്ങനെ പ്രവർത്തിച്ചുകൊണ്ടിരുന്ന വായനശാലകളെയെല്ലാം ശുഷ്കിപ്പിച്ച് വായനശാലകളുടെ പ്രവർത്തനം പൂർണ്ണമായും സ്തംഭിപ്പിച്ചു. നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ വലിയ കെടാവിളക്കായിപരിലസിച്ചിരുന്ന ഗ്രാമ പ്രദേശങ്ങളിലെവായനശാലകൾ.....

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): നമ്മൾ പഴയ സുഹൃത്തുക്കളായതുകൊണ്ട് ചോദിക്കുകയാണ്; നമ്മൾ ഒരുമിച്ച് 1980-ൽ ഭരിച്ച കാലത്തും പറഞ്ഞിട്ടില്ല. ഇനി, ഇത്രയും താമസിച്ചത് പാസ്സാക്കാൻ നമ്മൾ ശ്രമിക്കുകയല്ലേ വേണ്ടത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഏതു ബില്ലായാലും നിയമാനുസൃതം അതിന്റെ വ്യവസ്ഥകളെല്ലാം പരിപാലിച്ച് പാസാക്കുന്ന കാര്യങ്ങളിൽ ബദ്ധശ്രദ്ധരായി ഞങ്ങൾ നിൽക്കും. യാതൊരു സംശയവും ആ കാര്യത്തിൽ വേണ്ട. ബാലകൃഷ്ണപിള്ളയുടെ കളി ഞങ്ങൾക്കില്ല. വളരെ വ്യക്തമായി നിയമമെല്ലാം പാസാക്കണമെന്നും ഈ രാജ്യത്ത് ജനാധിപത്യം പുലരണമെന്നും ഉള്ള ആത്മാർത്ഥമായ ആഗ്രഹം കൊണ്ടാണ് പറയുന്നത്. പ്രത്യേകിച്ച് സാംസ്കാരിക രംഗത്ത് നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വായനശാലകൾക്ക് എന്തെല്ലാം കുറ്റങ്ങളും കുറവുകളും ഉണ്ടെങ്കിലും അവ നമ്മുടെ രാജ്യത്തെ സാംസ്കാരിക കേന്ദ്രങ്ങൾ ആയിരുന്നു എന്നുള്ളത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: ഗ്രാമപ്രദേശങ്ങളിലുള്ള വായനശാലകളിൽ കേരളത്തിലെ സാധാരണ ജനങ്ങൾ വരികയും പത്രങ്ങൾ വായിക്കുകയും ചെയ്തതിൽ ഈ രാജ്യത്തെ മന്ത്രിമാരെക്കുറിച്ച് വരുന്ന അഴിമതിയാരോപണങ്ങളെക്കുറിച്ച് വായിച്ച് ജനങ്ങൾ അവർക്കെതിരാകും എന്നുള്ളതുകൊണ്ടല്ലേ അവർ മനപ്പൂർവ്വമായി അത് അവസാനിപ്പിച്ചിരിക്കുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട താമരാക്ഷൻ പറഞ്ഞ കാര്യത്തിൽ ശരിയില്ലാതില്ല; ഉണ്ട്.

മി. ചെയർമാൻ: ശ്രീ. വർക്കല രാധാകൃഷ്ണൻ, അങ്ങ് ബില്ലിൽ ഒതുങ്ങി സംസാരിക്കണം.

ശ്രീ. തോപ്പിൽ രവി: 1957-ൽ ആദ്യം കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്ന കാലത്താണ് ചില സാമൂഹ്യ പ്രമുഖരുടെ കളളുഷാപ്പ് മുതലാളിമാരെയും എല്ലാം ഉൾപ്പെടുത്തി സംഗീത നാടക അക്കാഡമി സംഘടിപ്പിച്ചത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിലിരുന്ന കാലത്ത് ഈ സംസ്ഥാനത്ത് ഗ്രന്ഥശാലാ പ്രവർത്തനം വളരെ ശക്തിയായി നടത്തിയിരുന്നു എന്ന് രേഖകളിൽ നോക്കിയാൽ കാണാൻ സാധിക്കും. നാടക അക്കാഡമികളായാലും ശരി സംഗീത അക്കാഡമികളായാലും ശരി എല്ലാംതന്നെ ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം അന്നുണ്ടായിരുന്നു.

ശ്രീ. തോപ്പിൽ രവി: സർ, സാഹിത്യവുമായോ സംഗീതവുമായോ യാതൊരു ബന്ധവുമില്ലാത്ത കള്ളുഷാപ്പു മുതലാളിമാരേയും സാമ്പിള്ളു മുതലാളിമാരേയും അതുപോലെ പാർട്ടിനേതാക്കൻമാരേയും ഉൾപ്പെടുത്തി കേരളത്തിലാദ്യമായി സാഹിത്യ—സാംസ്ക്കാരിക രംഗങ്ങളിൽ കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം കൊണ്ടുവന്നത് നിങ്ങളല്ലേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ പറയാം. അടിയന്തിരാവസ്ഥക്കാലത്ത് കേരളത്തിലുള്ള ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെയെല്ലാം പിരിച്ചുവിട്ട് കള്ളുഷാപ്പു കൺട്രാക്ടർമാരെയും ചാരായഷാപ്പു കൺട്രാക്ടർമാരേയും ഗ്രന്ഥശാലാസംഘത്തിലേക്കു നോമിനേറ്റു ചെയ്തത് നിങ്ങളുടെ ഗവൺമെൻറാണ്.

ശ്രീ. തോപ്പിൽ രവി: സർ, 1957—ൽ കേരളത്തിലാദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽവന്ന് ഭരണം കൈയിൽകിട്ടിയപ്പോഴാ സാഹിത്യ, സാംസ്ക്കാരിക രംഗങ്ങളിലേയ്ക്ക് രാഷ്ട്രീയകക്ഷി നേതാക്കൻമാരെ കുത്തിത്തിരുകി സംഗീത—നാടക അക്കാഡമിയും സാഹിത്യ അക്കാഡമിയും സംഘടിപ്പിച്ച്, സാഹിത്യകാരൻമാരെ അടിച്ചു പുറത്താക്കി രാഷ്ട്രീയക്കാരുടെ വിഹാരരംഗമാക്കി സാഹിത്യ — സാംസ്ക്കാരിക രംഗത്തെ തകർത്തത് നിങ്ങളല്ലേ?

ശ്രീ. വി. കെ. രാജൻ: സർ, 1957—ൽ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിന്റെ കാലത്ത് സംഗീത അക്കാഡമിയുടേയും നാടക അക്കാഡമിയുടേയും നേതൃത്വം ഏൽപ്പിച്ചത് ശ്രീ. പി. ഭാസ്ക്കരനേയും ശ്രീ. കലാമണ്ഡലം ഗംഗാധരനേയും ആയിരുന്നുവെന്ന വസ്തുത അങ്ങേയ്ക്കറിയാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, 1957—ൽ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നത് കള്ളുഷാപ്പ് കൺട്രാക്ടറല്ല, പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ് ആ വകുപ്പു കൈകാര്യം ചെയ്തിരുന്നത്. ശ്രീ. തോപ്പിൽ രവിക്ക് അതിനെപ്പറ്റി വല്ല വിവരവുമുണ്ടോ? ശ്രീ. പി. ഭാസ്ക്കരൻ തുടങ്ങിയവർ ഈ രംഗത്തു പവർത്തിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ: സർ, 1947—നു ശേഷം ഇൻഡ്യ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വലിയ സാംസ്ക്കാരിക സ്ഥാപനമാണ് കെ. പി. എ. സി. അത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സംഘടിപ്പിച്ച സാംസ്ക്കാരിക വേദിയായിരുന്നു. അവരുടെ പല നാടകങ്ങളും ഒരു നൂറുതവണയെങ്കിലും കണ്ട് ആസ്വദിച്ചയാളാണ് ശ്രീ. തോപ്പിൽ രവിയെന്നറിയാമോ?

ശ്രീ. തോപ്പിൽ രവി: സർ, മുണ്ടശ്ശേരി മാസ്റ്ററുടെ വിദ്യാഭ്യാസ രംഗത്തെ വൈദഗ്ദ്ധ്യത്തെപ്പറ്റിയൊന്നും എനിക്കു തർക്കമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടശ്ശേരി മാസ്റ്റർക്ക് ഒന്നുംചെയ്യാൻ നിങ്ങളം അധികാരം കൊടുത്തിരുന്നില്ലല്ലോ? മുണ്ടശ്ശേരിമാസ്റ്റർ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹയാത്രികനായി സ്വതന്ത്രനായി 1957-ൽ ആന ചിഹ്നത്തിൽ വോട്ടു നേടിവന്നത് എന്റെ നിയോജകമണ്ഡലത്തിൽനിന്നാണ്. 1957-ലെ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭയിൽ മുണ്ടശ്ശേരി മാസ്റ്റർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നകാലത്ത് സാംസ്കാരിക രംഗത്ത് രാഷ്ട്രീയം കൊണ്ടുവന്ന് രാഷ്ട്രീയ നേതാക്കൻമാരുടെ മേച്ചിൽസ്ഥല മാക്കിമാറ്റി തകർത്തത് നിങ്ങളല്ലേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ശ്രീ തോപ്പിൽ രവിയുടെ ചോദ്യത്തിന് ഞാൻ മറുപടി പറയുന്നില്ല. ഞാൻ ഈ ബില്ലിനെക്കുറിച്ചാണു പറയുന്നത്. സർ, നമ്മുടെ നാട്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലാ പ്രസ്ഥാനം പുനരുജ്ജീവിപ്പിക്കണം. മുമ്പുണ്ടായിരുന്ന ഗ്രാമീണ വായനശാലകളം, അതുപോലെതന്നെ ജില്ലാ സംഘങ്ങളം, താലൂക്ക് സംഘങ്ങളം, സംസ്ഥാന സംഘങ്ങളം തുടങ്ങിയവയെല്ലാം പുനരുജ്ജീവിപ്പിക്കണം. അങ്ങനെ അടിമുടി തെരഞ്ഞെടുക്കപ്പെട്ട സമിതികളുടേതായിത്തീരണം നമ്മുടെ നാട്ടിലെ ഗ്രന്ഥശാലാ പ്രസ്ഥാനം. ഒരു കാരണവശാലും ഇത് ഉദ്യോഗസ്ഥൻമാർക്ക് വിട്ടുകൊടുത്തുകൂടാ. ഉദ്യോഗസ്ഥമേധാവിത്വം അരക്കിട്ടുറപ്പിക്കുന്നതാണ് ഈ പ്രവർത്തനം. അതുകൊണ്ടാണ് ഈ നിയമത്തെ ഞാൻ എതിർക്കുന്നത്. ഈ ഗവൺമെന്റിനു സംസ്കാരത്തെക്കുറിച്ച് എന്തെങ്കിലും വിവരമുണ്ടെങ്കിൽ എത്രയുംപെട്ടെന്നു തന്നെ ഈ ഗ്രന്ഥശാലാ പ്രസ്ഥാനം അടിമുടി തിരഞ്ഞെടുക്കപ്പെട്ട സമിതികളെ ഏൽപ്പിക്കണം. ഗ്രന്ഥശാലാ സംഘങ്ങളെ ജനകീയ പ്രസ്ഥാനമാക്കിത്തീർക്കാൻ വേണ്ടി ഒരു നിയമനിർമ്മാണം ഈ സഭയിൽ വരട്ടെ, അന്ന് അതിന് അനുകൂലമായ നിലപാട് ഞങ്ങം സ്വീകരിക്കാം. അതിനുപകരം വീണ്ടും അഞ്ചു കൊല്ലത്തേക്ക് നീട്ടി സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റായി ഈ ജനകീയ സ്ഥാപനം ഇനിയും അധഃപതിപ്പിക്കണമെന്നാണോ ഈ ഗവൺമെന്റ് പറയുന്നത്. ഈ രാജ്യത്തെ ഒരു മൈനർ ഡിപ്പാർട്ടുമെന്റായിട്ടാണ് ഗ്രന്ഥശാലാസംഘം ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ രാജ്യത്ത് ഉന്നതമായ നിലവാരം പുലർത്തിവന്ന ഏറ്റവും മഹത്തായ ഈ പ്രസ്ഥാനത്തെ ഒരു ഡെപ്യൂട്ടി സെക്രട്ടറിയുടെ കീഴിൽകൊണ്ടുവന്ന ഈ നടപടിക്ക് ഞങ്ങം വീണ്ടും എറാൻമൂളണമെന്നാണോ നിങ്ങം പറയുന്നത്. അഞ്ചു കൊല്ലത്തേക്ക് ഇനിയും ഞങ്ങം അതിനെ തീറെഴുതിത്തരണമോ? നിങ്ങം ഒരു ഡെപ്യൂട്ടി സെക്രട്ടറിയെ ഏൽപ്പിക്കാൻവേണ്ടിയാണിത് ചെയ്യുന്നത്. ഞാൻ ആവശ്യപ്പെടുന്നത് ഗ്രാമപ്രദേശങ്ങളിലെ കുറച്ചെല്ലാം വിദ്യാഭ്യാസമുള്ള രാമനും പർഗ്രീസും മുഹമ്മദുമെല്ലാം തിരഞ്ഞെടുക്കപ്പെടുന്ന ചെറിയചെറിയ കമ്മിറ്റികളടങ്ങുന്ന വായനശാലാ കമ്മിറ്റികം വരണമെന്നാണ്. അങ്ങനെ അടിമുടി അതിനെ ജനകീയമാക്കണം. അവർ തീരുമാനിക്കും അത് എങ്ങനെ നടത്തണമെന്നും ഏതെല്ലാം പുസ്തകങ്ങം വാങ്ങണമെന്നും ഏതെല്ലാം പത്രങ്ങം വാങ്ങിക്കണമെന്നുമൊക്കെ. അതുപോലെ ഈ രാജ്യത്ത് ടെലിവിഷനും മറ്റ് ഏർപ്പാടുകളുമുണ്ട്. അതെല്ലാം ഈ ഗ്രാമവാസികൾക്കും കിട്ടണം. ഡെപ്യൂട്ടി സെക്രട്ടറിയുടെ കൺട്രോൾബോർഡിനു വിട്ടുകൊടുത്താൽ ഇതൊന്നും നടക്കുകയില്ല. ഈ രാജ്യത്ത് സാംസ്കാരിക രംഗത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു നിയമനിർമ്മാണമാണിത്. നമ്മുടെ രാജ്യത്തിന്റെ ഭാവി പ്രവർത്തനങ്ങളേയും ജനാധിപത്യമൂല്യങ്ങളേയും ചവിട്ടിമെതിക്കുന്ന ഒരു നിയമനിർമ്മാണമാണിത്. അതുകൊണ്ടാണ് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ഹൃദയവേദനയോടുകൂടി ഞാനിതിനെ എതിർക്കുന്നത്. നിങ്ങൾക്ക് ഈ രാജ്യത്തെ സംസ്ക്കാരത്തോട് ബാദ്ധ്യതയുണ്ടെങ്കിൽ സംസ്കാര നിലവാരത്തെപ്പറ്റി എന്തെങ്കിലും ചിന്തയുണ്ടെങ്കിൽ മര്യാദയ്ക്ക് ഈ പ്രസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളെ ഏൽപ്പിക്കണം. ഇനിയും കൺട്രോൾ ബോർഡെന്നു പറയുന്ന തട്ടിപ്പുസാധനം കൊണ്ടുനടക്കരുത്. അതിനെ പിരിച്ചുവിടണം. ഈ രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട സമിതികളെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ചുമതല ഏൽപ്പിക്കാൻവേണ്ടിയുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരണം. ചൊറുപ്പക്കാരനായ ഒരു വിദ്യാഭ്യാസമന്ത്രിക്ക് ഇങ്ങനെയൊരു ഗതികേടു വന്നല്ലോ എന്നോർത്ത് ഞാൻ സഹതപിക്കുകയാണ്. സർ, ഇന്നു കൊടുക്കുന്നത് പഴയ റേറ്റനുസരിച്ചുള്ള ഗ്രാന്റാണ്, ആ കാശ് പത്രം വരുത്താൻപോലും തികയുകയില്ല. ആണ്ടുതോറും പത്രങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുമ്പ് 70 രൂപ കൊടുത്താൽ ഒരു പത്രം കിട്ടുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയെന്താണ് സർ? ഒരു ഗ്രന്ഥശാലയ്ക്ക് നാലോ അഞ്ചോ പത്രം വരുത്തണമെങ്കിൽ രൂപ എത്ര വേണം? ഗവൺമെന്റു കൊടുക്കുന്ന തുച്ഛമായതുക കൊണ്ട് എത്ര പുസ്തകങ്ങൾ വാങ്ങാൻ കഴിയും? നിങ്ങളുടെ ഗ്രാന്റുകൊണ്ടല്ലേ ഈ സംഘങ്ങൾ ഉണ്ടായിട്ടുള്ളത്. ഈ രാജ്യത്തെ ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നാട്ടിൻപുറത്തെ പാവപ്പെട്ടവർ പിടിയരി സംഭരിച്ചും ഉൽപ്പന്നങ്ങൾ സംഭരിച്ചും ഉണ്ടാക്കിയതാണ്. അല്ലാതെ ആരുടെയും ഔദാര്യം കൊണ്ടുണ്ടാക്കിയതല്ല. അവിടെയിരിക്കുന്ന അലമാരയും ഇവരുടെ സൗജന്യത്തിലുണ്ടായതല്ല. ഗ്രാന്റ് എന്നു പറയുന്നത് ചെറിയ ഒരു സഹായം മാത്രമാണ്. പിച്ച കൊടുക്കുന്നതുപോലെയാണ് അതു കൊടുക്കുന്നത്. അതുകൊണ്ട് ഈ ഗ്രന്ഥശാലകൾക്ക് മാന്യമായ നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ഗ്രാന്റ് നൽകണം. അതുപോലെതന്നെ അവർക്ക് പുസ്തകങ്ങൾ വാങ്ങിക്കാൻ കൊടുക്കുന്ന തുകയും വർദ്ധിപ്പിക്കണം. ഇതൊക്കെയാണ് ഈ രാജ്യത്ത് ആവശ്യം. നിങ്ങൾ ഒന്നും ചെയ്തില്ലെങ്കിലും നിങ്ങൾ നേരെ ഭരിച്ചില്ലെങ്കിലും നിങ്ങൾ സകല കൊള്ളരുതായ്മകൾ ചെയ്താലും തരക്കേടില്ല. ഈ ഒരൊറ്റ കാര്യമെങ്കിലും മര്യാദയായിട്ട് ചെയ്യണം. നിങ്ങൾ ഗ്രാമപ്രദേശങ്ങളിലുള്ള വായനശാലകൾക്ക് പ്രവർത്തിക്കാനാവശ്യമായ സഹായധനമെങ്കിലും കൊടുക്കൂ. അതിനുവേണ്ടിയിട്ടുള്ള നടപടി എടുക്കൂ. അങ്ങനെ നടപടിയെടുത്തിട്ടാണ് ഈ ബില്ലുമായിട്ട് വന്നിരുന്നതെങ്കിൽ നമുക്കതു മനസ്സിലാക്കാമായിരുന്നു. അതു ചെയ്യാതെ ഇവരെയെല്ലാം സാമ്പത്തികമായി ശ്വാസംമുട്ടിച്ചുകൊല്ലുന്ന ഈ സമ്പ്രദായം അവസാനിപ്പിക്കണം. അതുകൊണ്ട്, സമഗ്രമായ ഒരു ഗ്രന്ഥശാലാനിയമം കൊണ്ടുവരണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെട്ടുകൊണ്ട് ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എ. ആർ. ചന്ദ്രമോഹനൻ: സർ, ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ രേണം ഗവൺമെന്റ് ഏറ്റെടുത്തു. വളരെ ചുരുങ്ങിയ സമയത്തിനകംതന്നെ, ജനാധിപത്യപരമായ അടിത്തറ പുനഃസ്ഥാപിക്കാൻ കഴിയുന്ന രൂപത്തിലാണ് ഇതിന്റെ മൂലനിയമം കൊണ്ടുവന്നത്. എന്നാൽ ഒരു ചുരുങ്ങിയ സമയത്തിനുള്ളിൽ കാലാവധി അഞ്ചു വർഷമെന്നുള്ളത് മാക്സിമം പത്തു വർഷമാക്കണമെന്നാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതുവരെ യാതൊരു രീതിയിലും ഇതിന് ജനാധിപത്യ സംവിധാനം പുനഃസ്ഥാപിക്കില്ലെന്ന് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി തീരുമാനമെടുത്തു കഴിഞ്ഞിരിക്കുന്നുവെന്നു

LIBRARY ARCHIVES Kerala Legislative Assembly

ളളതാണ് അതിന്റെ അർത്ഥം. ഈ നിയമംകൊണ്ടു മാത്രമല്ല, നമ്മുടെ സാംസ്കാരിക മേഖലയ്ക്ക് യഥാർത്ഥത്തിൽ ഇന്ന് എല്ലാ അർത്ഥത്തിലും അധഃപതനമാണു സർ, നമ്മുടെ സംസ്ഥാനത്തെ സാംസ്കാ

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

രികനയവും സാംസ്കാരിക പ്രസ്ഥാനവും ശ്വാസംമുട്ടുകയാണ്. ഈ സാംസ്കാരിക മേഖലയിലുള്ളവർ അൽപ്പജ്ഞൻമാർ അക്ഷരജ്ഞാനമില്ലത്തവർ എന്നൊക്കെ പറഞ്ഞു. ഇവിടെ നിലനിൽക്കുന്നതെല്ലാം ഈ മേഖലയ്ക്ക് ചേരാത്തതാണ്. മുകളിലിരിക്കുന്ന ഭരണ സംവിധാനവും ഈ പ്രസ്ഥാനവും തമ്മിൽ യാതൊരു ബന്ധവുമില്ല. നമ്മുടെ സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ ലൈബ്രറി സംഘടിപ്പിച്ചിട്ടുണ്ട്. രാഷ്ട്രീയമായ ചിന്താഗതികളുള്ളവർ നമ്മുടെ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ വായനശാലകൾ സംഘടിപ്പിക്കുകയും അത് നിലനിറുത്തുകയും ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ ആ രംഗത്തെ സാംസ്കാരിക പ്രവർത്തകർ വളരെ വിശാല മനസ്കരായതുകൊണ്ടാണ് അത് നിലനിൽക്കുന്നത്. വ്യത്യസ്തമായ രാഷ്ട്രീയാഭിപ്രായങ്ങളും വ്യത്യസ്തമായ ജാതി-മത-സമുദായങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ ജനങ്ങൾ ഭിന്നതകളെല്ലാം മറന്ന് ഒരുമിച്ചു നിൽക്കുന്നു. ജാതി, മതം, സമുദായം, രാഷ്ട്രീയം എല്ലാറ്റിനും അപ്പുറത്തേക്ക് ഗ്രാമപ്രദേശത്തെ ജനങ്ങൾ സ്വന്തം പ്രദേശങ്ങളിൽ സാംസ്കാരികമായ ഉന്നമനത്തിനുവേണ്ടി ഒരുമിച്ചു നിന്നു പ്രവർത്തിക്കുന്നു. അങ്ങനെ അടിത്തറയുള്ള ഒന്നാണ് നമ്മുടെ ഗ്രാമീണ ഗ്രന്ഥശാലകൾ. ഈ പ്രസ്ഥാനം 1945-ൽ തുടങ്ങിയതാണ്. 1986 ആയപ്പോൾ 4388 ഗ്രന്ഥശാലകൾ ഉണ്ട്. അതിൽ ഒട്ടുമിക്ക ഗ്രന്ഥശാലകളും നിലനിന്നു പോരുന്നത് ഈ വിശാല മനസ്കരായ ജനങ്ങളുടെ സഹകരണംകൊണ്ടാണ്. കൺട്രോൾ ബോർഡ് എന്നു പറയുന്ന സംവിധാനം യഥാർത്ഥത്തിൽ പരിപൂർണ്ണമായ ഒന്നാണോ? കൺട്രോൾ ബോർഡിന്റെ കീഴിൽ ഈ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ വളരെ സങ്കുചിതമായിട്ടാണ് നടക്കുന്നത്. വിശാലമായ കാഴ്ചപ്പാടിനു നേരേ വിരുദ്ധമായിട്ട് എവിടം വരെ പോകാൻ കഴിയുമോ അവിടം വരെ പോയിട്ടാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. സങ്കുചിതം എന്നു പറയുമ്പോൾ, മുൻ കാലഘട്ടങ്ങളിൽ താലൂക്കിന്റെയും ജില്ലയുടേയും സംസ്ഥാനത്തിന്റേയും അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനം നിലനിൽക്കുമ്പോൾ അതിന്റെ പ്രവർത്തനത്തിന്റെ ഫലമായി ഈ സാംസ്കാരിക രംഗത്തെ വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന രൂപത്തിലുള്ള പ്രവർത്തന മേഖലകൾ സൃഷ്ടിച്ചിരിക്കുന്നത് ഈ സങ്കുചിതമായ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ ഗ്രന്ഥശാലാസംഘങ്ങളുടെ കീഴിൽ ലൈബ്രേറിയൻമാർക്ക് ട്രെയിനിംഗ് കൊടുക്കുന്ന സംവിധാനമുണ്ട്. മുമ്പ് ചെയ്തിരുന്നതെന്താണ്? ജനാധിപത്യപരമായി പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ താലൂക്കുകളിലെ ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെ തിരഞ്ഞെടുത്ത് അവർക്ക് ആ പ്രവർത്തനത്തിൽ കൂടുതൽ പരിചയവും മറ്റും നൽകുമായിരുന്നു. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള ട്രെയിനിംഗ് കൊടുത്ത് അവരെ ഉപയോഗപ്പെടുത്തിയിരുന്നു. ഇന്ന് ആ ട്രെയിനിംഗിനുവേണ്ടി തിരഞ്ഞെടുക്കുന്നത് ആരെയാണ്? ഇവിടെ കഴിഞ്ഞ മൂന്നുനാലു വർഷമായി നടക്കുന്ന സ്ഥിതിയെപ്പറ്റി നമുക്കറിയാം. മന്ത്രിയുടെ ഓഫീസിൽനിന്ന് ലിസ്റ്റ് കൊടുക്കുന്നു. ലിസ്റ്റ് കൊടുത്താൽ അത് നടപ്പിലാക്കാൻ കുര്യാക്കോസ് എന്നോ മറ്റോ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന ഒരാളുണ്ട്. ഞാൻ ചോദിക്കട്ടെ, കേരള കോൺഗ്രസ്സിനു തന്നെ സാംസ്കാരികമായി ഈ മേഖലയുമായി പൊരുത്തപ്പെട്ടുപോകാൻ ഉള്ള മാനസികാവസ്ഥയുണ്ടോ? കേരള കോൺഗ്രസ് പാർട്ടിയിൽ വിശാല മനസ്കതയുള്ളവരുണ്ടോ? അൽപ്പം വിശാലമായി ചിന്തിക്കാൻ കഴിയുന്ന ഒരാളെ എടുക്കുന്നതിനു പകരം നാലാംകിട കേരള കോൺഗ്രസ്സുകാരെ കുത്തിനിറയ്ക്കാനുള്ള ഒരുപാധിയായിട്ടാണ് കൺട്രോൾ ബോർഡും ജില്ലാ നിലവാരത്തിലുള്ള ബോർഡും താലൂക്ക് നിലവാരത്തിലുള്ള ബോർഡും മാറിയിരിക്കുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ശ്രീ. പി. സി. ജോർജ് അതിൽ ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഞാനീ പറയുന്ന കാര്യങ്ങളെല്ലാം പി. സി. ജോർജ്ജിനുപോലും അറിയാവുന്നതാണ്. ജോർജ്ജിന്റെ ഭാഗത്തുനിന്ന് വലിയ ഭീഷണിയാണ്. ഇത്രയും വിശാലമായ നിലവാരത്തിലുള്ള സാംസ്കാരിക മേഖലയെ ഭരിക്കാനും നയിക്കാനും അവരെ നിയന്ത്രിക്കാനും അവരുടെ കഴിവുകളെ ഇല്ലാതാക്കാനും നാലാംകിടയിലുള്ള കേരള കോൺഗ്രസ്സുകാരെ വിട്ടിരിക്കുന്നതിൽ ഏറ്റവും വലിയ ഗതികേടല്ലേ? ബഹുമാനപ്പെട്ട ജേക്കബ് മന്ത്രിയായി വരുന്നതുവരെ ഈ മേഖലയുമായി ബന്ധപ്പെട്ടവരെ മാത്രമാണ് ഇത്തരം അധികാരസ്ഥാനങ്ങളിൽ വച്ചിട്ടുള്ളത്. അല്ലാതെ ആരെയെങ്കിലും വച്ചിട്ടുണ്ടോ? താലൂക്ക് നിലവാരത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ഓർഗനൈസ് ചെയ്യാൻ കഴിയണം. ഓർഗനൈസേഷൻ ഉണ്ടായിരുന്നു. ഓർഗനൈസേഷൻ യഥാർത്ഥത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന ജോലി എന്തായിരുന്നു? പല ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളും നമ്മുടെ നാട്ടിൽ ചെറുപ്പക്കാർ ഒരുമിച്ച് തുടങ്ങും. ചില പ്രത്യേക ഘട്ടത്തിൽ അതു വീണുപോകും. അത്തരം ലൈബ്രറികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന സാംസ്കാരിക മേഖലയിലെ നല്ല സംഘാടകരായിരുന്നു മുൻകാലങ്ങളിൽ താലൂക്ക് നിലവാരത്തിൽ ഉണ്ടായിരുന്ന ഓർഗനൈസേഷൻസ്. ഇപ്പോഴോ നടക്കുന്നതെന്താണ്? കൊട്ടാരക്കരയിലെ താലൂക്ക് ഓർഗനൈസർ കൊല്ലത്തോ തിരുവനന്തപുരത്തോ ഉള്ള ആളായിരിക്കും. പത്തനാപുരത്ത് ഓർഗനൈസർ തൃശൂർ ജില്ലയിൽ ഉള്ള ആളായിരിക്കും. താലൂക്കിനു പുറത്തുനിന്നുള്ള ആളുകളെയാണ് നിയമിക്കുന്നത്. സി. പി. ഐ. യുടെ ആളുകളൊന്നുമില്ല. അതിനേരത്തേ ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. കേരള കോൺഗ്രസ്സുകാർ അല്ലാതെ ഭരണപക്ഷത്തുള്ള ആളുകളും പോലുമില്ല. അതാണ് സ്ഥിതി. സങ്കുചിതമായി ചിന്തിക്കുന്ന ഒരു പാർട്ടിയാണ് കേരള കോൺഗ്രസ് എന്നുള്ളത്, ഭരണപക്ഷത്തുള്ളവർക്കുപോലും അറിയാവുന്ന ഒരു സംഗതിയാണ്. കേരള കോൺഗ്രസ്സിന്റെ വിശാലമായ ചിന്താഗതി എവിടംവരെയുണ്ടെന്നുള്ള കാര്യമൊന്നും ഞാൻ പറയുന്നില്ല. ഭരണപക്ഷം—പ്രതിപക്ഷ ഭേദമില്ലാതെ ഗ്രാമപ്രദേശത്തെ ജനങ്ങളെ ഒരുമിച്ച് പടുത്തുയർത്തിയിരിക്കുന്ന അവരുടെ സർവ്വകലാശാലകളായ ഈ ഗ്രന്ഥശാലകൾക്ക് സങ്കുചിതമായ ഒരു പ്രവർത്തനമാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്.

ഇവിടെ മന്ത്രി പറഞ്ഞു സമഗ്രമായ ഒരു ഗ്രന്ഥശാലാനിയമം കൊണ്ടുവരുമെന്ന്. അതിവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. അതു ഞാൻ വായിച്ചു. കേരളത്തിലെ ഗ്രന്ഥശാലാപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ പ്രതീക്ഷിക്കുന്നത് കഴിഞ്ഞ കാലഘട്ടങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഈ പ്രസ്ഥാനം മുന്നോട്ടു കൊണ്ടു പോകാൻ കഴിയുന്ന ജനാധിപത്യപരമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു സമഗ്രമായ ഗ്രന്ഥശാലാ നിയമം കൊണ്ടുവരുമെന്നാണ്. ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്നു എന്നു പറയുന്ന ബില്ലിലെ വ്യവസ്ഥകൾ എന്താണ്? പത്തു വർഷത്തേക്ക് ഈ ബോർഡിന്റെ കാലാവധി നീട്ടിക്കൊണ്ടുപോകാൻ കഴിയുന്ന രൂപത്തിലുള്ളതാണ് അതിലെ വ്യവസ്ഥ. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ജനാധിപത്യ സംവിധാനം പുനഃസ്ഥാപിക്കുകയില്ല. ആ ബില്ലിന് ഒരു പ്രത്യേകതയുണ്ട്. ആ ബിൽ പാസ്സായിക്കഴിഞ്ഞാൽ ആദ്യത്തെ മൂന്നു വർഷത്തേക്ക് ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന ബോഡികളാണ് ജില്ലയിലും സംസ്ഥാനത്തും എല്ലാം വരുന്നത്. അതിന്റെ പ്രാതിനിധ്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എം. എൽ. എ. മാരുടെ പ്രതിനിധികളുണ്ട്, പഞ്ചായത്തിന്റെ പ്രതിനിധികളുണ്ട്, അദ്ധ്യാപകരുടെ പ്രതിനിധികളുണ്ട്. എം. എൽ.എ മാരുടെ പ്രതിനിധികളെ നിയമസഭയിൽനിന്ന് തിരഞ്ഞെടുക്കണമെന്നല്ല പറയുന്നത്. പഞ്ചായത്തു പ്രതിനിധികളെ പഞ്ചായത്തുതലത്തിൽ നിന്ന് തിരഞ്ഞെടുക്കണമെന്നല്ല പറയുന്നത്. അദ്ധ്യാപകരുടെ പ്രതിനിധികളെ ആ രംഗവുമായി ബന്ധപ്പെട്ടവരിൽനിന്ന്, തിരഞ്ഞെടുക്കണമെന്നല്ല പറയുന്നത്. മറിച്ച് ഇതെല്ലാം ഗവൺമെന്റ് നോമിനേറ്റ് ചെയ്യുകയാണ്. ജേക്കബ് വിചാരിക്കുന്നത് എല്ലാക്കാലത്തും ജേക്കബ്തന്നെ ആയിരിക്കും മന്ത്രിയെന്നാണ്. എല്ലാക്കാലവും ഈ മേഖല ജേക്കബിന് ഭരിക്കാൻ കഴിയുമെന്നാണ് അദ്ദേഹം വിചാരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ ജനാധിപത്യ സംവിധാനം പുനഃസ്ഥാപിക്കണമെന്ന് ഈ മന്ത്രിക്കോ ഗവൺമെന്റിനോ താൽപ്പര്യമില്ല. ഈ ബില്ലിലും അതിനെപ്പറ്റി ഒരു ഭേദഗതിയിലും ഇല്ല. ജനാധിപത്യ സ്വഭാവം വീണ്ടെടുക്കണമെന്നാഗ്രഹമില്ല. അതിന് വിരുദ്ധമാണ്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ ഒന്നു രണ്ടു കാര്യങ്ങളെക്കുറിച്ചു മാത്രം പരാമർശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ തന്നെ ഇവിടെ ശ്രീ. ചന്ദ്രമോഹനൻ സൂചിപ്പിച്ച അവസരത്തിൽ ഇത് 10 വർഷക്കാലത്തിനുവേണ്ടി എന്തോ ഗൂഢ ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഒരു നിയമം ആണെന്ന് പറയുകയുണ്ടായി. ഗ്രന്ഥശാലാസംഘം കൺട്രോൾ ബോർഡിന്റെ കാലാവധി നമ്മുടെ ഈ നിയമമനുസരിച്ചുതന്നെ 1987 മാർച്ചുമാസത്തിൽ അവസാനിക്കും. അതായത് 1977—ലാണ് ഇത് ആദ്യമായിട്ട് ഏറെറടുത്തത്. 1977 മുതൽ 1987 വരെയുള്ള 10 വർഷക്കാലം. അങ്ങനെ 1987—ൽ അതിന്റെ കാലാവധി അവസാനിക്കുകയാണ്. സ്വാഭാവികമായും, അതിനിടയിൽ ഇതിന് മറ്റൊരു സംവിധാനമുണ്ടാക്കിയില്ലെങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ വൈഷമ്യം അനുഭവപ്പെടുകയും ചെയ്യും. ഇപ്പോൾ ഇവിടെ സംസാരിക്കുന്നതുകേട്ടാൽ അടുത്ത ഒരു പത്തുവർഷക്കാലത്തേക്ക് അതിന്റെ കാലാവധി നീട്ടിക്കൊടുത്തുവെന്നു തോന്നും. അങ്ങനെയൊന്നുമല്ല, അതിന്റെ ഉള്ളടക്കം. മനസ്സിലാക്കാത്തതുകൊണ്ടാണ് ഞങ്ങളെക്കുറിച്ചും ഈ ബില്ലിനെക്കുറിച്ചും ആക്ഷേപങ്ങൾ ഇവിടെ പറഞ്ഞത്. അതുപോലെതന്നെ ഇപ്പോളിവിടെ കൊണ്ടുവന്നിരിക്കുന്ന ഗ്രന്ഥശാലാ നിയമത്തെ സംബന്ധിച്ച് അങ്ങയുടെ അടുക്കൽതന്നെ ചില ആളുകൾ വന്ന് റെപ്രസന്റു ചെയ്യുകയുണ്ടായി. ഈ ബിൽ പാസ്സാക്കണമെന്നുള്ള ആഗ്രഹം ഗവൺമെന്റിനുണ്ട്. ബഹുമാനപ്പെട്ട പങ്കജാക്ഷനും

LIBRARY ARCHIVES Kerala Legislative Assembly

അറിയാം. 1985—ൽ നമ്മൾ ഈ ബിൽ ഇവിടെ സർക്കുലേറ്റുചെയ്ത അവസരത്തിൽ ഇത് ഒരു സെലക്ട് കമ്മിറ്റിക്ക് ചർച്ചയ്ക്കു വിട്ടതിനുശേഷം സബ്ജക്ടുകമ്മിറ്റി പരിശോധിച്ച് തിരിച്ച് വരട്ടെയെന്ന് ഒരു പ്രപ്പോസൽ വന്നിരുന്നു. ചില കാരണങ്ങൾ കൊണ്ട് അന്ന് അത് നമുക്ക് ചെയ്യാൻ കഴിഞ്ഞില്ല. അതിനെക്കുറിച്ച് വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല, എന്തായാലും അത് ഉണ്ടാകാതെ പോയി. ചന്ദ്രമോഹനൻ പറഞ്ഞത് മുഴുവൻ നോമിനേഷനാണെന്നാണ്. മുഴുവൻ നോമിനേഷൻ നല്ല, ഇപ്പോൾ ഏതു നിയമം പാസ്സാക്കിയാലും നമുക്കറിയാം നമ്മുടെ നാട്ടിലുള്ള ഒരു കീഴ്വഴക്കമനുസരിച്ച് അതിന്റെ ആദ്യത്തെ സമിതിയെ നാമനിർദ്ദേശം ചെയ്യുകയാണ് പതിവ്. അങ്ങനെ നാമനിർദ്ദേശം ചെയ്ത് എടുക്കുന്ന സമിതിയ്ക്ക് ചെറിയ ഒരു കാലയളവ് കൊടുക്കണം. കാരണം, ഈ നിയമം അനുസരിച്ചുള്ള ഇലക്ഷൻസ് കഴിഞ്ഞ് ആ ബോഡി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനുള്ള സൗകര്യവും സമയവും നമ്മൾ നിയമമനുസരിച്ച് കൊടുക്കേണ്ടതുണ്ട്. അങ്ങനെ നമ്മുടെ നാട്ടിലെ കീഴ്വഴക്കമനുസരിച്ച് ഇതിലും ആദ്യത്തെ ബോഡിയിൽ നോമിനേഷൻ വേണമെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാതെ യാതൊരു ദുരുദ്ദേശവും ഇല്ല. അദ്ദേഹം പറഞ്ഞു, എം. എൽ. എ. മാരെ അതിനകത്ത് നോമിനേറ്റ് ചെയ്യുകയാണ് എന്ന്, കേരള നിയമസഭാംഗങ്ങൾ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന രണ്ടുപേർ എന്നാണ് പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ അതിനകത്ത് തിരഞ്ഞെടുക്കപ്പെടുന്ന മറ്റു 8 പേർ ഉണ്ട്. മറ്റു ലൈബ്രറികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടു വരുന്നവരുണ്ട്. പൊതുവായി വന്ന ആക്ഷേപം എന്താണെന്നു പറഞ്ഞാൽ ജില്ലാ തലങ്ങളിൽ രൂപീകരിക്കുന്ന സമിതിയ്ക്ക് എക്സ് ഒഫീഷ്യോ ചെയർമാൻ ആയി കളക്ടർ വരുന്നു, താലൂക്ക് തലങ്ങളിൽ തഹസിൽദാർ വരുന്നു എന്നുള്ളതാണ്. ഞാൻ ആദ്യം സൂചിപ്പിച്ചു. ഗവൺമെന്റിന് യാതൊരു നിർബന്ധവും അക്കാര്യത്തിലില്ല എന്ന്. ഇലക്റ്റഡ് ആളുകളെ തന്നെ ഇതിനകത്ത് വയ്ക്കാം. ആ നിലയിൽ അതിനെ അമെൻറു ചെയ്തുകൊണ്ടുവരുന്നതിന് ബുദ്ധിമുട്ടില്ല. അതുപോലെതന്നെ കേരള കോൺഗ്രസ്സിലെ ആളുകളെത്തന്നെയാണ് വച്ചിരിക്കുന്നത് എന്നൊക്കെ പറയുകയുണ്ടായി. ജില്ലാതലങ്ങളിലുള്ള കമ്മിറ്റികളും പരിശോധിച്ചാലും താലൂക്കുതലങ്ങളിലുള്ള കമ്മിറ്റികളും പരിശോധിച്ചാലും ആ ഒരു സമീപനം സ്വീകരിച്ചിട്ടില്ലെന്ന് മനസ്സിലാകും. ഗ്രന്ഥശാലാസംഘവുമായി അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുപോന്നിട്ടുള്ള ആളുകളെയാണ് അതിനകത്ത് വച്ചിരിക്കുന്നത്. അവർക്ക് രാഷ്ട്രീയം കാണും; ഇല്ലെന്ന് ഞാൻ പറയുന്നില്ല.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ഈ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകരായിരുന്നവരെ എന്തുകൊണ്ടാണ് ഈ ഉപദേശകസമിതിയിൽനിന്നും മാറിയത്?

ശ്രീ. ടി. എം. ജേക്കബ്: അതിനെക്കുറിച്ച് ബഹുമാനപ്പെട്ട സി. ടി. കൃഷ്ണൻ ചോദിച്ചാൽ എനിക്ക് ഓർമ്മയില്ല. ഞാൻ വേണമെങ്കിൽ പരിശോധിച്ച് അതിന്റെ കാരണമെന്താണെന്ന് പറയാം. പെട്ടെന്ന് മറുപടി പറയാൻ ആവശ്യമായ വിവരങ്ങൾ എന്റെ കയ്യിലില്ല. എന്തായാലും കഴിയുന്നിടത്തോളം ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ച അവസരത്തിൽ പറഞ്ഞു, ഇത് ഗവൺമെൻറ് മനഃപൂർവ്വം ചെയ്തിരിക്കുകയാണെന്ന്. ഇവിടെ നേരത്തെയുണ്ടായ ചില സംഭവങ്ങൾ അങ്ങേയ്ക്ക് ഓർമ്മയുണ്ടെങ്കിൽ അങ്ങനെ പറയുകയില്ലായിരുന്നു. കാരണം, 1977—ലെ നിയമസഭയിൽ ഈ ബിൽ വരുകയും സെലക്ററു കമ്മിറ്റിക്കു പോകുകയും സെലക്ററുകമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആ റിപ്പോർട്ട് സെലക്ററു കമ്മിറ്റി സമർപ്പിച്ച അവസരത്തിലാണ് അന്നത്തെ നിയമസഭ ഡീസോൾവ് ചെയ്തത്. സ്വാഭാവികമായും നിയമസഭ പോകുമ്പോൾ അതുമായി ബന്ധപ്പെട്ട ബില്ലുകളും പോകുകയാണ് പതിവ്. നിയമപരമായിട്ടും അതിന് സാധുതയില്ല എന്നത് അങ്ങേയ്ക്കുതന്നെ അറിയാവുന്ന കാര്യമാണ്. അതിനു ശേഷം 1977—ൽ സെലക്ററു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബിൽ നിയമസഭയിൽ കൊണ്ടുവരണമോയെന്നുള്ള കാര്യം സംബന്ധിച്ച് പരിഗണനയ്ക്ക് വന്നത് ശ്രീ. നായനാർ മുഖ്യമന്ത്രി ആയിരുന്ന കാലയളവിലാണ്. അന്ന് 27—8—1980—ൽ കൂടിയ മന്ത്രിസഭായോഗത്തിൽ വച്ച് ആ ലൈബ്രറി ബിൽ അപ്രൂവലിന് അയച്ചപ്പോൾ അത് അപ്രൂവ് ചെയ്യാതെ വിത്ഡ്രോ ചെയ്യുകയാണുണ്ടായത്. അങ്ങനെ വിത്ഡ്രോ ചെയ്തത് ആ ബിൽ മാറ്റിക്കൊണ്ടുപോയി. സ്വാഭാവികമായും അന്ന് ആ ബിൽ നിങ്ങളുടെ ഗവൺമെൻറ് അപ്രൂവ് ചെയ്തിരുന്നുവെങ്കിൽ എനിക്കു തോന്നുന്നു, ആ നിയമസഭയിൽ തന്നെ അത് പാസ്സാക്കാൻ കഴിയുമായിരുന്നുവെന്ന്. അങ്ങനെ പാസ്സാക്കിയിരുന്നുവെങ്കിൽ ഈ ഒരു കൺട്രോൾ ബോർഡ് നോമിനേറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടാകുമായിരുന്നില്ല. 1982—ൽ ഈ ഗവൺമെൻറ് വരുമ്പോൾ ഉണ്ടായിരുന്ന സ്ഥിതി എന്താണ്? ത്രിശങ്കുസ്വർഗ്ഗമെന്ന് വേണമെങ്കിൽ പറയാം. 1977—ൽ വന്ന് 1982—ൽ അതിന്റെ കാലാവധി അവസാനിച്ചു. 1982—ൽ കാലാവധി അവസാനിച്ച ആ സ്ഥാപനം തുടർന്നു നടത്തിക്കൊണ്ടുപോകേണ്ടതായിട്ടുണ്ട്. അതിന് നിയമമില്ല. പിന്നെ ഇങ്ങനെയൊരു പ്രത്യേക പരിതഃസ്ഥിതിയുണ്ടായ കാരണം എന്താണ്? ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറ് കേരളം ഭരിച്ചിരുന്ന കാലയളവിൽ ചെയ്യേണ്ടിയിരുന്ന കാര്യമായിരുന്നു. ഒന്നുകിൽ നിങ്ങൾ ബിൽ പാസ്സാക്കേണ്ടിയിരുന്നു, അല്ലെങ്കിൽ ഈ കൺട്രോൾ ബോർഡ് എങ്ങനെ നടത്തിക്കൊണ്ടുപോകുമെന്നുള്ള തീരുമാനം എടുക്കേണ്ടതായിരുന്നു. ആ തീരുമാനം എടുക്കാൻ കഴിയാതെ മന്ത്രിസഭതന്നെ ബിൽ വിത്ഡ്രോചെയ്യുകയും അങ്ങനെ ബിൽ ലാപ്സാകുകയും ചെയ്ത ഒരു പരിതഃസ്ഥിതിയുണ്ടായി. പിന്നെയുള്ള പോംവഴിയെന്നു പറയുന്നത് ഒരു ഓർഡിനൻസ് കൊണ്ടുവന്ന് അതിന്റെ കാലാവധി നീട്ടിക്കൊടുക്കുകയെന്നതു മാത്രമേയുള്ളൂ. ആ ഒരു കാര്യം മാത്രമാണ് ഗവൺമെൻറ് ഇക്കാര്യത്തിൽ ചെയ്തിരിക്കുന്നത്.

ഗ്രന്ഥശാലാസംഘങ്ങൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്ന് ഇവിടെ പറഞ്ഞു. സമയക്കുറവുകൊണ്ട് ഞാൻ അതിനെക്കുറിച്ച് ദീർഘമായി ഇപ്പോൾ പറയുന്നില്ല. മറെറാരു കാര്യം പറയുവാനുള്ളത് ഗ്രന്ഥശാലാസംഘത്തിനെ സംബന്ധിച്ചാണ്. സഭയിൽ പല അംഗങ്ങളും പറഞ്ഞു, ഗ്രന്ഥശാലാസംഘത്തിന് നടത്തിയിട്ടില്ലെന്ന്. 1980—81 മുതലുള്ള ഗ്രന്ഥശാലാസംഘത്തിന് കേരളത്തിൽ നടത്തിയിട്ടില്ല. അത് എന്റെ കുറ്റം കൊണ്ടല്ല നടക്കാതിരുന്നത്. അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. ആരാണ് അപ്പോൾ ഭരിച്ചിരുന്നത്, എന്ന് നമുക്കറിയാം. 1980—81 മുതൽ 1983—84 വരെയുള്ള ഗ്രന്ഥശാലാസംഘത്തിന് പൂർത്തിയാക്കി, അത് അനുസരിച്ചുള്ള ഗ്രാന്റ് ലൈബ്രറികൾക്ക് കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ ഈ

LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രറികളിൽ ഉണ്ടായിരുന്ന ലൈബ്രേറിയൻസിനു് കൊടുത്തിരുന്ന അലവൻസുകളെ സംബന്ധിച്ചു് പറയാം. എ-ഗ്രേഡു് മുതൽ സി-ഗ്രേഡു് വരെയുള്ളവർക്കു് 300 രൂപയും ഡി-ഗ്രേഡിനു് പ്രതിവർഷം 240 രൂപയും നൽകി വന്നിരുന്നതു് 300 രൂപയിൽനിന്നു് 900 രൂപയായും 240 രൂപയുണ്ടായിരുന്ന ഡി-ഗ്രേഡിനു് 600 രൂപയായും വർദ്ധിപ്പിച്ചു. ഇ, എഫു് ഗ്രേഡു് ലൈബ്രേറിയൻമാർക്കു് മുൻപു് അലവൻസു് കൊടുത്തിരുന്നില്ല. ആ ലൈബ്രേറിയൻമാർക്കു് 360 രൂപ അലവൻസു് കൊടുക്കാനുള്ള തീരുമാനം എടുത്തതു് ഈ ഗവൺമെൻറിന്റെ കാലത്താണു്. അതുപോലെതന്നെ ലൈബ്രറികൾക്കു് കൊടുക്കുന്ന ഗ്രാൻറു് അപര്യാപ്തമാണെന്നു് ശ്രീ. സി. ടി. കൃഷ്ണൻ പറഞ്ഞു. അതിനോടു് ഞാൻ പൂർണ്ണമായും യോജിക്കുകയാണു്. ആ അപര്യാപ്തത കണക്കിലെടുത്തുകൊണ്ടുതന്നെ ഇപ്പോഴുള്ള വാർഷിക ഗ്രാൻറായ 450 രൂപ മെച്ചപ്പെടുത്തി, ഏറ്റവും കുറഞ്ഞതു് 1,000 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനം എടുത്തു. അതുപോലെതന്നെ ഏറ്റവും കൂടിയ ഗ്രേഡു് ഉള്ള ലൈബ്രറികളെ വിഭജിച്ചു് അവയുടെ മാക്സിമം ഗ്രാൻറു് 5,000 രൂപയാക്കി വർദ്ധിപ്പിച്ചു. അപ്പോഴും സ്വാഭാവികമായും നമ്മുടെ ലൈബ്രറികൾക്കു് വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ടു്. ലൈബ്രറികളുടെ ഗ്രഡേഷൻ നടത്തിയതും, ലൈബ്രേറിയൻമാർക്കു് അലവൻസു് വർദ്ധിപ്പിച്ചതും എല്ലാം നമ്മുടെ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിൽ കാര്യമായ മാറ്റമുണ്ടാക്കിയിട്ടുണ്ടു്.

ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ടു് നിർത്തുകയാണു്. ഇവിടെ ലൈബ്രറികളിൽ ലൈംഗിക സാഹിത്യത്തിനാണു് പ്രോത്സാഹനം കൊടുക്കുന്നതെന്നു് പറഞ്ഞു. ഗ്രന്ഥശാലാസംഘവുമായി ബന്ധപ്പെട്ട ആളുകൾക്കറിയാം, ഇന്ന പുസ്തകം വാങ്ങാനോ അല്ലെങ്കിൽ ഇന്ന പ്രസാധകന്റെ കയ്യിൽനിന്നും പുസ്തകം വാങ്ങാനോ ഉള്ള യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല, കൊടുക്കുകയുമില്ല. ഗ്രഡേഷൻ നടത്തി ഗ്രാൻറു് ലൈബ്രറികൾക്കു് കൊടുത്തുകഴിഞ്ഞാൽ ആ ലൈബ്രറികളാണു് തീരുമാനിക്കേണ്ടതു് ഏതു് പുസ്തകമാണു് വാങ്ങേണ്ടതെന്നു്. അവർക്കു് ഇഷ്ടമുള്ള പുസ്തകങ്ങൾ വാങ്ങിക്കാം. ആരുടെ കൈയിൽനിന്നുവേണമെങ്കിലും വാങ്ങാം. ഒരിക്കലും അങ്ങനെയുള്ള വിലകുറഞ്ഞ സാഹിത്യം നമ്മുടെ രാജ്യത്തു് പ്രോത്സാഹിപ്പിക്കണമെന്നുള്ള ഒരു നിർദ്ദേശവും ഗവൺമെൻറു് സ്വീകരിച്ചിട്ടില്ല. അങ്ങനെയൊരു സമീപനം സ്വീകരിച്ചുകൊണ്ടു് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നുമില്ല.

പിന്നെ മറ്റൊരുകാര്യം ഇവിടെ പറഞ്ഞതു്, ലോക്കൽ ലൈബ്രറികളെ സംബന്ധിച്ചാണു്. ഈ ലോക്കൽ ലൈബ്രറി അതോറിറ്റികൾ രൂപീകരിച്ചപ്പോൾ 3 ജില്ലകളാണു് ഉണ്ടായിരുന്നതു്. ഇപ്പോൾ ആ സ്ഥാനത്തു് 6 ജില്ലകളായി മാറി. ഒരു റവന്യൂജില്ലയിൽ ഒരു അതോറിറ്റി വേണമെന്നാണു് പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടാണു് അതു് പുനഃസംഘടിപ്പിക്കുവാനുള്ള തീരുമാനം ഗവൺമെൻറു് എടുത്തതു്. അല്ലാതെ ഇതിനകത്തു് രാഷ്ട്രീയമൊന്നുമില്ല. ഇപ്പോൾ ഇവിടെ ഗ്രന്ഥശാലാസംഘത്തിൽ ഫുൾടൈം മെമ്പറായി പ്രവർത്തിക്കുന്ന ശ്രീ. കുര്യാക്കോസിനെക്കുറിച്ചു് പറഞ്ഞു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു് ഗ്രന്ഥശാലാസംഘവുമായി ബന്ധപ്പെട്ട ആളുകൾക്കു് വളരെ മതിപ്പാണുള്ളതു്. വളരെ ആത്മാർത്ഥമായി അദ്ദേഹം അതിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ശ്രമിക്കുന്നുണ്ടു്. വളരെ ഭംഗിയായിത്തന്നെ ഇതിനുള്ള നടപടികളുമുന്നോട്ടുകൊണ്ടുപോകാനും സാധിക്കുന്ന വിധത്തിൽ ശ്രമം നടത്തിയിട്ടുണ്ടു്. ശ്രീ. വി. ജെ. തങ്കപ്പൻ ഇവിടെ ആക്ഷേപമായിട്ടു് പറഞ്ഞു, ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് വന്നതിനുശേഷമാണ് നെയ്യാറിൻകര താലൂക്കിലുണ്ടായിരുന്ന ലൈബ്രറിയ്ക്ക് ഗ്രാൻറ് കൊടുത്തതെന്ന്. അങ്ങനെ ഈ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സംവിധാനങ്ങളും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ഇവിടെ പബ്ലിക് ലൈബ്രറി ബില്ലിനെക്കുറിച്ച് പറഞ്ഞു. ഗവൺമെൻറിന് തുറന്ന സമീപനമാണ് ഇക്കാര്യത്തിലുള്ളത്.

ഞാൻ ആദ്യം പറഞ്ഞു, 1987-ൽ ഇതിൻെറ കാലാവധി അവസാനിക്കുവാൻ പോകുകയാണ് എന്ന്. എന്തെങ്കിലും ഒരു സംവിധാനം ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും കൂടി ആലോചിച്ച് ഉണ്ടാക്കിയേ പറ്റൂ. ഇതിന് ആവശ്യമായ ബിൽ പാസ്സാക്കിയെടുക്കാനുള്ള മാർഗ്ഗത്തെക്കുറിച്ച് ഈ സഭയിലെ അംഗങ്ങളെ പൊതുവായി അംഗീകരിക്കുന്നതനുസരിച്ച് പ്രവർത്തിക്കുവാൻ ഗവൺമെൻറ് സന്നദ്ധമാണ്. ജനാധിപത്യസ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ നല്ലൊരു ഗ്രന്ഥശാലാ നിയമം നമുക്ക് കൊണ്ടുവരാം. അതിനുള്ള സഹകരണം എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ, സാമൂഹ്യസേവനം സംബന്ധിച്ച 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ പാസ്സാക്കി.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലായ് മാസം 24-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 7.59-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly